# പ്രതീക്ഷയുടെ പൂമൊട്ടുകൾ

Pratheekshayude
Poomottukal

വാല്യം 42 ലക്കം 7
വാർഷിക വരിസംഖ്യ ₹ 100
Vol 42 No. 7
Annual Subscription ₹100



**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**



ദൈവകുമാരനെ ഉദരത്തിൽ വഹിച്ച
പരിശുദ്ധ മാതാവേ,
പരിശുദ്ധ കുർബാനയിലൂടെ
ഞങ്ങളിലേക്ക് എഴുന്നള്ളിവരുന്ന
ദൈവത്തിനു വാസയോഗ്യമായ
ഭവനമായി തീരുവാൻ
ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.
ആമ്മേൻ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 42 No. 7**

**വാല്യം 42 ലക്കം 7 മംഗളവാർത്തക്കാലം ഡിസംബർ 2024**


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- മംഗളവാർത്തയും സഭാജീവിതവും 5
- രാവിലൊരു വിളക്ക് 8
- മംഗളവാർത്ത കുടുംബങ്ങൾക്ക് 10
- മംഗളവാർത്ത 16
- പ്രത്യാശ: അതിസ്വാഭാവികപുണ്യം 17
- കാഞ്ചീപുരം പട്ടുസാരി 19
- സ്വർഗീയ ആരാമത്തിലെ ബ്രിജിറ്റ് 21
- ഏലീഷാ 23
- സെനക്കിൾ തരംഗം 26
- വഴിയൊന്നു മാറി പിടിച്ചാലോ 27
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ



# എയ്ഞ്ചലും ഹെയ്ഞ്ചലും

"സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ" (ലൂക്കാ 2,10) മംഗളകരമായ വാർത്തയുടെ മനോഹരപശ്ചാത്തലം ലൂക്കാസുവിശേഷൻ ഒരുക്കുന്നതിപ്രകാരമാണ്: "ആറാം മാസം ഗബ്രിയേൽദൂതൻ ഗലീലിയിൽ നസറത്ത് എന്ന പട്ടണത്തിൽ, ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നു പേരായ പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക്, ദൈവത്താൽ അയയ്ക്കപ്പെട്ടു" (ലൂക്കാ 1,26-27). ദൈവദൂതൻ നല്കിയ ഈ സദ്വാർത്ത അനുസ്മരിച്ചാഘോഷിക്കപ്പെടുന്ന ഈ ദിനങ്ങളിൽതന്നെയാണ് തമിഴ്നാടിനെയും പുതുച്ചേരിയെയും ഭീതിയിലാഴ്ത്തിയ സംഹാരദൂതനായ ഹെയ്ഞ്ചലിനെക്കുറിച്ചുള്ള വാർത്തയും മാധ്യമങ്ങളിൽ ഇടംപിടിച്ചത്.

പരിശുദ്ധ റൂഹായാകുന്ന കുളിർകാറ്റിന്റെ ആവാസത്തെക്കുറിച്ചുള്ള വെളിപ്പെടുത്തലുമായാണ് എയ്ഞ്ചൽ വന്നതെങ്കിൽ (ലൂക്കാ 1,35), സർവനാശമേകുന്ന കൊടുങ്കാറ്റിന്റെ സാന്നിധ്യമായാണ് ഹെയ്ഞ്ചൽ വന്നത്. എയ്ഞ്ചൽ നല്കിയ ദൂത് പാപത്താൽ മൃതമായിരുന്ന ലോകത്തിന് ജീവന്റെ ഉണർത്തുപാട്ടായെങ്കിൽ ഹെയ്ഞ്ചൽ നല്കിയത് മരണമാണ്. എയ്ഞ്ചൽ രക്ഷയുടെ സന്ദേശവാഹകനായപ്പോൾ ഹെയ്ഞ്ചൽ ദുരിതം വിതച്ചു. എയ്ഞ്ചലിന്റെ സ്വരം സന്തോഷത്തിലേക്കും സമാധാനത്തിലേക്കും പ്രത്യാശയിലേക്കും നയിച്ചെങ്കിൽ, ഹെയ്ഞ്ചലിന്റെ ഹുങ്കാരശബ്ദം ദുഃഖത്തിലേക്കും അശാന്തിയിലേക്കും നിരാശയിലേക്കും നയിച്ചു.

ഇവിടെ നാം ചിന്തിക്കേണ്ടത് നാം മറ്റുള്ളവർക്കു നല്കുന്നത് എയ്ഞ്ചലിന്റെ സാമീപ്യമാണോ, അതോ ഹെയ്ഞ്ചലിന്റെ സാന്നിധ്യമാണോ എന്നാണ്. മറ്റുള്ളവർക്കു സമാധാനവും സന്തോഷവും സംതൃപ്തിയും ശക്തിയും നല്കുന്ന സാന്നിധ്യവും സമീപനവുമാണെങ്കിൽ തീർച്ചയായും നാം ദൈവത്തിന്റെ ദൂതർ തന്നെ. നാമേകുന്ന ദൂത് അപരനിൽ ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും വിത്തായി മാറിയാൽ മനുഷ്യാവതാരത്തിന്റെ മഹനീയ ഫലങ്ങൾ നിറഞ്ഞവരായി മനുഷ്യകുലം മാറും. അതിനാവട്ടെ നമ്മുടെ പ്രാർത്ഥനയും പരിശ്രമങ്ങളും. തിരുപ്പിറവിയുടെ മംഗളാശംസകൾ!!!

ചീഫ് എഡിറ്റർ






# മംഗളവാർത്തയും സഭാജീവിതവും

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

സീറോ മലബാർ സഭയുടെ ആരാധനാവത്സരം ആരംഭിക്കുന്നത് മംഗലവാർത്തക്കാല ത്തോടുകൂടിയാണ്. ഈശോയുടെ പിറവിത്തിരുനാളിന് ഒരുക്കമായുള്ള നാല് ആഴ്ചകളാണ് ഈ കാലത്തിനുള്ളത്. മിശിഹായുടെ മനുഷ്യാവതാരംവഴി മനുഷ്യവർഗത്തിനു കരഗതമായ സമാധാനവും പ്രത്യാശയും സ്വായത്തമാക്കി, മിശിഹായുടെ സാക്ഷികളും പ്രേഷിതരുമായി ത്തീരുവാൻ മംഗളവാർത്തക്കാലം സഭാംഗങ്ങളെ സഹായിക്കണം. അതിനു സഹായകമായ രീതിയിൽ മംഗളവാർത്താസംഭവം മനസ്സിലാക്കാൻ നമുക്കു സാധിക്കണം.

**കൃപ നിറഞ്ഞ മറിയം**

ദൈവദൂതൻ പരിശുദ്ധ കന്യകാമറിയത്തിന്റെ അടുത്തുവന്നു പറയുന്നു: “ദൈവകൃപ നിറ ഞ്ഞവളേ സ്വസ്തി. കർത്താവു നിന്നോടുകൂടെ” (ലൂക്കാ 1,28). ‘കൃപ നിറഞ്ഞവളേ’ എന്നു

വിവർത്തനം ചെയ്തിരിക്കുന്നത് 'കെക്കരിത്തോമെനേ' എന്ന ഗ്രീക്കുപദമാണ്. 'കൃപവൽക്കരിക്കപ്പെട്ടവൾ' എന്നാണ് ഈ വാക്കിന്റെ അർത്ഥം. ദൈവം മറിയത്തെ കൃപയാൽ രൂപാന്തരപ്പെടുത്തിയെന്ന് ഇതു സൂചിപ്പിക്കുന്നുണ്ട്. അതായത്, ദൈവം മറിയത്തെ കൃപയാൽ പാപരഹിതയാക്കിക്കഴിഞ്ഞിരുന്നു എന്നാണ് ഇതിന്റെ അർത്ഥം. "ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു" എന്ന് ദൂതൻ മറിയത്തോടു പിന്നീട് പറയുന്നുമുണ്ടല്ലോ (ലൂക്കാ 1,30). ദൈവം പ്രത്യേക ദൗത്യത്തിനു നിയോഗിക്കുന്ന സ്ത്രീപുരുഷന്മാരെ, തന്റെ സൗജന്യമായ കൃപയാൽ തിരഞ്ഞെടുക്കുന്നതിനെയും ഇതു സൂചിപ്പിക്കുന്നുണ്ട്. മിശിഹായുടെ മാതാവാകാനുള്ള മറിയത്തിന്റെ ദൗത്യത്തെ ഇതു സൂചിപ്പിക്കുന്നു.

**"കർത്താവു നിന്നോടുകൂടെ"**

പഴയനിയമത്തിൽ ആവർത്തിക്കപ്പെടുന്ന ഒരു അഭിവാദനശൈലിയാണിത് (പുറ 3,10-12; ജോഷ്വാ 1,9). രക്ഷാകരചരിത്രത്തിൽ പ്രത്യേക പങ്കുവഹിക്കാൻ വിളിക്കപ്പെടുന്നവർക്ക് കർത്താവുതന്നെ തന്റെ സാന്നിദ്ധ്യം വാഗ്ദാനം ചെയ്ത്, ധൈര്യം പകരുന്ന വാക്കുകളാണിവ. വിളിക്കപ്പെട്ടവരുടെ കഴിവുകൊണ്ടല്ല, വിളിച്ചവന്റെ സാന്നിദ്ധ്യമാണ് അവരുടെ ശക്തി എന്ന് ഇതോർമ്മിപ്പിക്കുന്നു. മാത്രമല്ല, കർത്താവു കൂടെയുള്ള ജനമാണ് ദൈവജനം എന്നത്, മറ്റു ജനതകളിൽനിന്നും അവരെ വ്യത്യസ്തരാക്കുന്നുമുണ്ട്. കർത്താവു കൂടെയുള്ള മറിയത്തിന് ഏല്പിക്കപ്പെടുന്ന ദൗത്യം, അവൾ യഥാർത്ഥ ഇസ്രായേൽ കന്യകയായിരുന്നുകൊണ്ട് നിറവേറ്റാൻ സാധിക്കുമെന്നും ഇതു സൂചിപ്പിക്കുന്നു. ദൈവം കൃപകൊണ്ടു രൂപാന്തരപ്പെടുത്തിയിരിക്കുന്നതിനാലും കർത്താവു കൂടെയുള്ളതിനാലും സന്തോഷിക്കാൻ തന്റെ അഭിവാദനത്തിൽ ദൂതൻ മറിയത്തെ ആഹ്വാനം ചെയ്യുന്നു.

**മറിയത്തിന്റെ പ്രതികരണം**

ദൈവദൂതന്റെ അഭിവാദനവും തുടർന്നു ദൂതൻ പറഞ്ഞ വാക്കുകളും അവളിൽ അസ്വസ്ഥതയുളവാക്കി. " നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് ഈശോ എന്ന് പേരിടണം" എന്നൊക്കെയുള്ള വാക്കുകൾ കേട്ടപ്പോൾ അവൾ പറഞ്ഞു: "ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" (ലൂക്കാ 1,34). ഈ വാക്കുകളിലൂടെ കന്യകയായിരിക്കാനുള്ള അവളുടെ ആഗ്രഹം സൂചിപ്പിക്കപ്പെടുന്നുണ്ട്. അപ്പോൾ ദൂതൻ അവളോടു പറഞ്ഞു: "പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1,35). താൻ പറയുന്നതു സംഭവിക്കും എന്നതിന് അടയാളമായി ദൂതൻ എലിസബത്തിന്റെ ഗർഭകാര്യം മറിയത്തോടു വെളിപ്പെടുത്തുകയും ചെയ്യുന്നു (ലൂക്കാ 1,36). അങ്ങനെ ധൈര്യപൂർവം ദൈവവിളിക്കു മറുപടി പറയുവാൻ ദൈവദൂതൻ മറിയത്തെ ശാക്തീകരിച്ചു. അതേത്തുടർന്ന്, "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1,38) എന്നു പറഞ്ഞ് മറിയം തന്റെ ദൈവവിളിക്ക് പ്രത്യുത്തരം നല്കുകയും ചെയ്തു.

**സഭാജീവിതത്തിലേക്കുള്ള വിളി**


മറിയം ജന്മംകൊടുത്ത പരിശുദ്ധനും ദൈവപുത്രനുമായ മിശിഹായുടെ വിളിതന്നെയാണ് സഭാംഗങ്ങളുടെ വിളിയുമെന്ന് പൗലോസ്ശ്ലീഹാ എടുത്തുപറയുന്നുണ്ട്: "തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്നു നമ്മെ മിശിഹായിൽ തിരഞ്ഞെടുത്തു. ഈശോമിശിഹാവഴി നാം അവിടുത്തെ പുത്രരായി

ദത്തെടുക്കപ്പെടണമെന്ന്, അവിടുന്നു തന്റെ ഹിതവും ലക്ഷ്യവുമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ചു" (എഫേ 1,4-5). മറിയം ജന്മം നല്കുന്ന മിശിഹാ പരിശുദ്ധനും ദൈവപുത്രനുമായതുപോലെ മാമോദീസായിലൂടെ സഭയിൽ ജന്മംകൊള്ളുന്നവരും പരിശുദ്ധരും ദൈവപുത്രരുമായിരിക്കണമെന്നതാണ് ദൈവത്തിന്റെ രക്ഷാപദ്ധതി. മറിയത്തിന്റെ ഉദരത്തിൽ രൂപംകൊണ്ട ദൈവപുത്രനും പരിശുദ്ധനുമായ മിശിഹായെപ്പോലെ സഭാതനയരും, ദൈവപുത്രരും പരിശുദ്ധരുമായിത്തീരുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

പരിശുദ്ധ കന്യകാമറിയത്തിന്റെ ഉദരത്തിൽ 'പരിശുദ്ധനും ദൈവപുത്രനുമായ' മിശിഹായ്ക്കു ജന്മം നല്കിയ പരിശുദ്ധാത്മാവുതന്നെയാണ് സഭാംഗങ്ങളെ പരിശുദ്ധരും ദൈവപുത്രരുമായി രൂപപ്പെടുത്തുന്നത്. സഭയിലെ പ്രവേശകകൂദാശകളായ മാമോദീസാ, തൈലാഭിഷേകം, പരിശുദ്ധ കുർബാന എന്നിവയിലൂടെയാണ് പരിശുദ്ധാത്മാവ് ഈ ദൗത്യം നിർവഹിക്കുന്നത്. ഈ അവബോധത്തോടെ സഭാജീവിതം നയിക്കുവാൻ സഭാംഗങ്ങളെല്ലാം വിളിക്കപ്പെട്ടിരിക്കുന്നു.

**പരിശുദ്ധ കുർബാന: കുടുംബാഘോഷം**

പ്രവേശനകൂദാശകളിലൂടെ പരിശുദ്ധരും ദൈവപുത്രരുമായവരുടെ സമൂഹമെന്ന നിലയിൽ സഭ ഒരു കുടുംബമാണ്. സഭയെ വെറുമൊരു മതമെന്ന നിലയിലേക്ക് ഒതുക്കുന്നത് സഭാജീവിതത്തോടു നീതി പുലർത്തുന്നില്ല. ദൈവമക്കളുടെ സമൂഹമായ സഭയുടെ കുടുംബാഘോഷം നടക്കുന്നത് പരിശുദ്ധ കുർബാനയിലാണ്. അതുകൊണ്ടാണ് ഞായറാഴ്ചകളിലെങ്കിലും പരിശുദ്ധ കുർബാനയിൽ പങ്കുചേരണമെന്ന് സഭ ഗൗരവമായി നിർദ്ദേശിക്കുന്നത്. കത്തോലിക്കാസഭയിലെ എല്ലാ കുർബാനകളിലും പരിശുദ്ധ കുർബാനസ്വീകരണത്തിനൊരുക്കമായി കർതൃപ്രാർത്ഥന ചൊല്ലുന്നത് സഭ പരിശുദ്ധരും ദൈവപുത്രരുമായ സഭാംഗങ്ങളുടെ കുടുംബാഘോഷമാണെന്നതിന്റെ സൂചനയാണ്. സീറോ മലബാർ സഭയുടെ പരിശുദ്ധ കുർബാനാഘോഷം ആരംഭിക്കുന്നതും അവസാനിക്കുന്നതും കർതൃപ്രാർത്ഥനയോടുകൂടിയാണ്. കുർബാനയർപ്പണത്തിലെ പരിശുദ്ധ കുർബാനസ്വീകരണത്തിലൂടെ പരിശുദ്ധരും ദൈവപുത്രരുമായ സഭാംഗങ്ങൾ പരിശുദ്ധനും ദൈവപുത്രനുമായ മിശിഹായോട് ഐക്യപ്പെട്ട് തങ്ങളുടെ വിശുദ്ധിയിലും ദൈവപുത്രത്വത്തിലും വളരുന്നു. 'പരിശുദ്ധ കുർബാന സഭയെ നിർമ്മിക്കുന്നു' എന്നു പറയുമ്പോൾ, പരിശുദ്ധ കുർബാനയിൽ ക്രമമായി സംബന്ധിച്ചു പരിശുദ്ധിയിലും ദൈവപുത്രത്വത്തിലും വളരുന്ന ഒരു സമൂഹമായിത്തീരുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു എന്നു നാം മനസ്സിലാക്കണം. അപ്രകാരം സഭാജീവിതം നയിക്കുവാൻ നമുക്കു പരിശ്രമിക്കാം.





# രാവിലൊരു വിളക്ക്

മെർലിറ്റ് അഞ്ചാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*"വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്ത്വം നമ്മൾ ദർശിച്ചു - കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്ത്വം"*
(യോഹ 1,14).

**ആ**ഗോളവ്യാപകമായി അതിഭീകരമായ ഒരു അന്തരീക്ഷത്തിന്റെ പശ്ചാത്തലത്തിലാണ് ഇന്ന് മനുഷ്യസമൂഹം ജീവിക്കുന്നത്. യുദ്ധത്തിന്റെ ഭീകരമുഖങ്ങളും വിദ്വേഷം വിതയ്ക്കുന്ന ക്രൂരതകളും കണ്ട് മനസ്സുമടുത്ത, ഭയത്തിന്റെ നിഴലിൽ നിസ്സഹായതയോടെ ജീവിതം തള്ളിനീക്കുന്ന, അനേക ലക്ഷങ്ങളുടെ കണ്ണുനീരിന്റെയും നെടുവീർപ്പിന്റെയും ദുരന്ത ഭൂമികയായി മാറിയിരിക്കുകയാണ് ഈ ലോകം. അസഹിഷ്ണുതയുടെ നീരാളിക്കൈകൾ സഹോദരന്റെ ജീവനെടുക്കുന്ന ഈ പശ്ചാത്തലത്തിൽ ക്രിസ്തുമസിന്റെ സന്ദേശം ഏറെ പ്രസക്തമാണ്. അത് പ്രത്യാശയുടെ മയൂഖം വിരിയിക്കുന്നു.

ദൈവം ചരിത്രത്തിലേക്കു കടന്നുവന്ന് ചരിത്രത്തിന്റെ ഭാഗമായത് ദൈവസ്നേഹത്തിന്റെ ചരിത്രം മനുഷ്യഹൃദയങ്ങളിൽ എഴുതുവാനാണ്. കാലാതീതനായ ദൈവം സ്ഥലകാല പരിമിതികൾക്കു വിധേയനായത് തന്റെ സൃഷ്ടിയായ മനുഷ്യനോടുള്ള തന്റെ കരുതലും സ്നേഹവുമാണ് വ്യക്തമാക്കുന്നത്. ദൈവം മനുഷ്യരൂപം എടുത്തത് വിദൂരസ്ഥനും നിസ്സംഗനും ആയിരിക്കുന്ന ഒരു ദൈവമല്ല താനെന്നും, ചരിത്രത്തിൽ സജീവനായി വ്യാപരിക്കുന്നവനാണെന്നും മനസ്സിലാക്കിത്തരുവാനാണ്. അവിടുത്തെ തിരുജനനം മനുഷ്യത്വത്തിന് കൈവന്ന ഔന്നത്യത്തെയും മഹത്ത്വത്തെയുമാണ് വരച്ചുകാട്ടുന്നത്.

കൃപ നഷ്ടമായ വ്യക്തികളും കുടുംബങ്ങളും സമൂഹവുമാണ് ഇന്നിന്റെ വിധികർത്താക്കളായി മാറിയിരിക്കുന്നത്. നാമെന്തേ ഇങ്ങനെ? ഹൃദയത്തിൽ സ്നേഹം എന്ന അമൂല്യനിധിക്ക് കറ വീണിരിക്കുന്നു. സഹോദരതുല്യം അപരനെ

സ്നേഹിക്കുക എന്നത് മുമ്പൊക്കെ ജീവിതത്തിന്റെ പ്രഥമ പരിഗണനയായിരുന്നെങ്കിൽ ഇന്നത് അസഹിഷ്ണുതയുടെയും ഏതാനും ചില വ്യക്തികളിലേക്ക് മാത്രം ഒതുങ്ങുന്ന സ്വാർത്ഥതയുടെയും പര്യായമായി മാറി എന്നത് ഓർക്കണം.

അതിർവരമ്പുകളില്ലാതിരുന്ന ഒരു മാനവികത നമ്മുടെ ജീവിതത്തെ വളരെ സുന്ദരവും സുതാര്യവുമാക്കിയിരുന്ന ഒരു കാലം നമുക്കു പിന്നിലുണ്ട്. മനസ്സിനും കൈകൾക്കും കെട്ടും പൂട്ടും നിർമ്മിച്ച് സ്വയം വലുതാകാനാണ് നാമൊക്കെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഓസ്കാർ വൈൽഡിന്റെ The Selfish Giant എന്ന കഥയിലെ അസഹിഷ്ണുവായ രാക്ഷസനെപോലെ ആകരുത് നാം. കഥാന്ത്യത്തിൽ നിഷ്കളങ്കനായ ഒരു കുഞ്ഞിന്റെ സാന്നിധ്യം ആ രാക്ഷസന്റെ കരളലിയിക്കുന്നതും തന്റെ വിശാലമായ പൂന്തോട്ടം കുഞ്ഞുങ്ങൾക്കും മറ്റുള്ളവർക്കും പ്രവേശിക്കാൻ തുറന്നു കൊടുക്കുന്നതും അതുവഴി അയാൾ ഹൃദയത്തിൽ ആർദ്രതയും സമാധാനവും കൈവരിക്കുന്നതും കാണാൻ കഴിയും.

ദൈവത്തിൽനിന്നും മനുഷ്യരിൽനിന്നും അകന്നുപോയ സ്വാർത്ഥനായ ആ മനുഷ്യനെ സ്നേഹത്തിന്റെ വലിയ പാഠം പഠിപ്പിക്കാൻ, മനുഷ്യരോടൊത്ത് നടക്കാൻ പ്രേരിപ്പിക്കുന്നതിനുള്ള മാസ്മരികശക്തി നിഷ്കളങ്കമായി പുഞ്ചിരി പൊഴിക്കുന്ന ആ ശിശുവിനുണ്ടായിരുന്നു. ബേത്‌ലെഹേമിലെ ശിശു സാധ്യമാക്കിയതും അതുതന്നെ. ക്രിസ്തുമസ് അനുരഞ്ജനത്തിലേക്കുള്ള വഴിയാണ്. സ്വർഗത്തെയും ഭൂമിയെയും ഒന്നിപ്പിക്കുന്ന ദൗത്യമാണ് ഈശോയുടെ മനുഷ്യാവതാരംമൂലം സാധ്യമായത്. വിഭാഗീയതയുടെയും വിദ്വേഷത്തിന്റെയും വിഷവിത്തുകൾ നിറഞ്ഞിരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ ക്രിസ്തുമസ് നൽകുന്ന സന്ദേശം സമാധാനത്തിന്റെയും ഐക്യത്തിന്റേതുമാണ്.

ഇന്ന് വ്യക്തികളിലും കുടുംബങ്ങളിലും എന്നല്ല, ലോകംമുഴുവനിലും ഭിന്നതകൾ വർദ്ധിച്ചുവരുന്നു. ഇവിടെയാണ് ശിശു നമ്മിലേക്കു കടന്നുവരേണ്ടത്. സ്നേഹരാഹിത്യവും ഹൃദയ കാഠിന്യവുംമൂലം ലോകത്തിനു മിശിഹായെ നൽകുന്നതിൽ പരാജയപ്പെട്ട നമുക്ക് നിഷ്കളങ്കതയുടെയും സാഹോദര്യത്തിന്റെയും പാഠങ്ങൾ ഈ തിരുവചനം നൽകുന്നുണ്ട്. അതുകൊണ്ട്, നമുക്ക് സർവ്വജനത്തിനും സന്തോഷം പകരുന്നവരും, പ്രത്യാശയില്ലാതെ നിരാശയുടെ കരിന്തിരിയുമായി ഇരുട്ടിൽ കഴിയുന്നവർക്ക് പ്രകാശത്തിന്റെ കൈവിളക്ക് നൽകുന്നവരുമായിത്തീർന്ന്, 'കൃപയും സത്യവും നിറഞ്ഞ പിതാവിന്റെ ഏകജാതന്റെ മഹത്ത്വം' ലോകത്തിന് പ്രദാനം ചെയ്യുന്നവരായി മാറാം.

***കാലാതീതനായ ദൈവം സ്ഥലകാല പരിമിതികൾക്കു വിധേയനായത് തന്റെ സൃഷ്ടിയായ മനുഷ്യനോടുള്ള തന്റെ കരുതലും സ്നേഹവുമാണ് വ്യക്തമാക്കുന്നത്.***



# മംഗളവാർത്ത കുടുംബങ്ങൾക്ക്

**റവ. ഡോ. റോയി ജോസഫ് കടുപ്പിൽ**
**പാലാ രൂപത**

**നാ**മെല്ലാവരും മംഗളകരമായ വാർത്തകൾ കേൾക്കാനും അറിയാനും ഇഷ്ടപ്പെടുന്നവരാണ്. മാനവകുലത്തിനു മുഴുവൻ ലഭിച്ച മംഗളകരമായ വാർത്തയെ സന്തോഷപൂർവം അനുസ്മരിക്കുകയും ആ വാർത്തയുടെ ചൈതന്യത്തെ സ്നേഹപൂർവം ഉൾക്കൊള്ളാൻ ശ്രമിക്കുകയും ചെയ്യുന്ന ആരാധനക്രമവത്സരത്തിലെ മംഗളവാർത്തക്കാലത്താണല്ലോ നാം ആയിരിക്കുന്നത്.

രക്ഷകന്റെ വരവറിയിച്ച മംഗളവാർത്ത സത്യത്തിൽ ഒരു കുടുംബത്തിനാണു കിട്ടിയത്. വി. ലൂക്കായുടെയും വി. മത്തായിയുടെയും മംഗളവാർത്താവിവരണങ്ങൾ ചേർത്തുവായിച്ചാൽ നമുക്കിതു മനസ്സിലാകും. ലൂക്കാ സുവിശേഷകൻ വിവരിക്കുന്നതു യൗസേപ്പുമായി വിവാഹനിശ്ചയം ചെയ്തിരിക്കുന്ന മറിയത്തിനു ലഭിച്ച മംഗളവാർത്തയാണെങ്കിൽ (ലൂക്കാ 1,26-38) മത്തായി സുവിശേഷകൻ വിവരിക്കുന്നത് മറിയവുമായി വിവാഹനിശ്ചയം ചെയ്തിരുന്ന യൗസേപ്പിനു ലഭിച്ച മംഗളവാർത്തയാണ് (മത്താ 1,18-25). അതിന്റെ അർത്ഥം ലോകചരിത്രത്തിലെ രക്ഷാകരമായ ഇടപെടൽ ദൈവം നടത്തിയത് ഒരു കുടുംബത്തിൽ അവിടുന്നു നടത്തിയ രക്ഷാകരമായ ഇടപെടലിലൂടെയാണെന്നതാണ്. അതുകൊണ്ട് നാം ഇപ്പോൾ ആഘോഷിക്കുന്ന മംഗളവാർത്തക്കാലത്തിനും അതിന്റെ പരിസമാപ്തിയിൽ നാം ആഘോഷിക്കാനിരിക്കുന്ന തിരുപ്പി

റവിയുടെ തിരുനാളിനും ഇന്നു ജീവിക്കുന്ന കുടുംബങ്ങളോട് സവിശേഷമാംവിധം സന്ദേശിക്കാനുണ്ട്.

ക്രിസ്തുമസ് ബന്ധങ്ങളുടെ തിരുനാളാണ്. അറ്റുപോയ ദൈവമനുഷ്യബന്ധത്തെ പുനഃസ്ഥാപിക്കാൻ സർവശക്തനായ ദൈവം തന്റെ അനന്തകരുണയാൽ മനസ്സായി മനുഷ്യാവതാരം ചെയ്തതിന്റെ പുണ്യസ്മരണയാണത്. അവിടുത്തെ മനുഷ്യാവതാരം മനുഷ്യനെ ദൈവവുമായി അടുപ്പിക്കാൻ മാത്രമായിരുന്നില്ല; മറിച്ച്, തദ്വാരാ മനുഷ്യനെ മനുഷ്യനുമായി അടുപ്പിക്കാൻകൂടിയായിരുന്നു. അവിടുന്ന് അരുൾച്ചെയ്തു: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,35). ഇവിടെയാണ് ക്രിസ്തുമസ് യഥാർത്ഥത്തിൽ കുടുംബങ്ങളുടെ തിരുനാളാകുന്നത്; മംഗളവാർത്തക്കാലം വളരെ പ്രത്യേകമായി കുടുംബങ്ങൾക്കുള്ള ആഹ്വാനമാകുന്നത്. കാരണം കുടുംബം ബന്ധങ്ങളുടെ സ്രോതസ്സും കലവറയുമാണ്.

ഒരു വ്യക്തിയുടെ സ്വത്വത്തെ നിർണയിക്കുന്ന സുപ്രധാന ഘടകം അവന്റെ ബന്ധങ്ങളാണ്. അയാൾ ഏതു കുടുംബത്തിലെ അംഗമാണ്; ആരുടെ മകനാണ്; ആരുടെ സഹോദരനോ സഹോദരിയോ ആണ്; ആരുടെ സുഹൃത്താണ്; ആരുടെ അയൽവാസിയാണ് തുടങ്ങിയ ഘടകങ്ങളെല്ലാം ഒരു വ്യക്തിയെ അയാളാക്കുന്ന നിർണായക ഘടകങ്ങളാണല്ലോ. ഇവയെല്ലാം ബന്ധങ്ങളാണ്. എന്നാൽ ഈ ബന്ധങ്ങൾക്കെല്ലാം ആധാരമായി നില്ക്കുന്നത് കുടുംബബന്ധങ്ങളാണ്. ഈദൃശബന്ധങ്ങളുടെ തീവ്രത ഒരു വ്യക്തിത്വത്തെ കൂടുതൽ കരുത്തും ശോഭയുമുള്ളതാക്കും; അവയിലെ മന്ദത വ്യക്തിത്വത്തെ ദുർബലവും ഒളിമങ്ങിയതുമാക്കും.

മറ്റേതു കാലത്തേക്കാളും കുടുംബങ്ങൾ കടുത്ത വെല്ലുവിളികളെ നേരിടുന്ന ഒരു സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിലാണു നാമിന്നു ജീവിക്കുന്നത്. വർദ്ധിച്ചു വരുന്ന വിവാഹമോചനങ്ങളുടെയും തത്ഫലമായ കുടുംബത്തകർച്ചകളുടെയും മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധങ്ങളിലെ വലിയ ഇടിവുകളുടെയും ജീവന്റെ ദാതാക്കളും സംരക്ഷകരുമാകേണ്ട മാതാപിതാക്കളും മക്കളും പരസ്പരം ജീവനെടുക്കുന്ന അതിനിന്ദ്യവും ഹീനവുമായ സംഭവങ്ങളുടെയും, കേൾക്കാനും പറയാനും ഒരിക്കലും ഇഷ്ടപ്പെടാത്ത വാർത്തകൾ അടിക്കടി നാം കേൾക്കേണ്ടി വരുന്നു. ഈ ഗൗരവമേറിയ മൂല്യച്ച്യുതി ഏതെങ്കിലും ദേശത്തോ, രാജ്യത്തോ, മതത്തിലോ, വംശത്തിലോ മാത്രം ഒതുങ്ങുന്നതല്ല. മറിച്ച് ലോകവ്യാപകമായി അനുഭവപ്പെടുന്നുവെന്നുള്ളത് സംസ്കാരത്തെ സ്നേഹിക്കുന്ന ഏതൊരാളെയും ആശങ്കപ്പെടുത്തുന്നു. ഇതു വലിയ ഒരു അപകടത്തിന്റെ സൂചനയുമാണ്. അവ ഒറ്റപ്പെട്ട സംഭവങ്ങൾ എന്നു കരുതി നമുക്ക് ആശ്വസിക്കാനാകില്ല. വളരുന്ന അസ്വസ്ഥതയുടെ അടയാളങ്ങൾ അനുദിനം ആവശ്യത്തിലധികം നാം കാണുന്നു.

സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാനഘടകം കുടുംബമാണ്. പല കുടുംബങ്ങൾ ചേർന്നാണ് ഒരു ഇടവകയുണ്ടാകുന്നത്, രൂപതയുണ്ടാകുന്നത്, ആഗോളസഭയുണ്ടാകുന്നത്. കുടുംബങ്ങൾ ചേർന്നാണ് നാടും നഗരവും രാജ്യവുമൊക്കെ രൂപംകൊള്ളുന്നത്. പല കണ്ണികൾ വിളക്കിച്ചേർത്താണ് ഭീമാകാരനായ ആനയെ തളയ്ക്കുന്ന ചങ്ങലയുണ്ടാക്കുന്നത്. പല കണ്ണികൾ കൊരുത്തുചേർത്താണ് വൻ മത്സ്യത്തെ പിടിക്കുന്ന വല നിർമ്മിക്കുന്നത്. ചങ്ങലയിലെ ഏതെങ്കിലുമൊരു കണ്ണി ബലഹീനമെങ്കിൽ ചങ്ങല മുഴുവൻ ബലഹീനമാകും; വലയിലെ ഒരു കണ്ണിപോലും ബലഹീനമെങ്കിൽ വല മുഴുവൻ ബലഹീനമാകും. അതുപോലെ ഏതെങ്കിലുമൊരു കുടുംബം ബലഹീനമായാൽ സഭയും സമൂഹവുമൊക്കെ ആനുപാതികമായി ബലഹീനമാകും. ആകയാൽ കുടുംബങ്ങൾ സർവഥാ ശക്തിപ്പെടേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

ഇന്നത്തെ കുടുംബമേഖലയിലെ തളർച്ചയുടെയും തകർച്ചയുടെയും യഥാർത്ഥ കാരണങ്ങളെ തിരിച്ചറിയാൻ നമുക്കു കഴിയണം. ഇതിനെ വെറും കാലഘട്ടത്തിന്റെ പ്രത്യേകതയെന്നു പറഞ്ഞ് അവഗണിക്കാനാവില്ല. ഓരോ കാലഘട്ടത്തിലും തളർച്ചകളുണ്ടായപ്പോൾ ശക്തിപ്പെടുത്താൻ വ്യക്തികളും പ്രസ്ഥാനങ്ങളുമൊക്കെ ഉയർന്നുവന്നിരുന്നു. ഈ കാലഘട്ടം നമ്മുടേതാണ്.

ഈ മൂല്യച്ച്യുതിയുടെ മൂലകാരണം നാമിന്നു ജീവിക്കുന്ന കാലഘട്ടത്തിന്റെ മുഖമുദ്രയായിരിക്കുന്ന ഉപഭോഗസംസ്കാരമാണ്. ലാഭം മാത്രമാണീ സംസ്കാരത്തിന്റെ ലക്ഷ്യം. കമ്പോളമാണിതിനുള്ള മാർഗം. കമ്പോളത്തെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങളുടെ ബോധപൂർവമായ വർദ്ധനയും കമ്പോളത്തെ ദുർബലമാക്കുന്ന ഘടകങ്ങളുടെ മനഃപൂർവമായ തളർത്തലും ഇന്നു പ്രകടമായി ദൃശ്യമാണ്. ത്വരിതഗതിയിലുള്ള മാറ്റങ്ങളും വർദ്ധിതമായ ഭൗതികവല്ക്കരണവും ഇതിന്റെ ഉത്തമ നിദർശനങ്ങളാണ്. പുതുമയാണ് കമ്പോളത്തെ സജീവമാക്കുന്ന ഒരു പ്രധാന ഘടകം. ത്വരിതഗതിയിലുള്ള മാറ്റത്തിന് ഗുണങ്ങളുണ്ടാകാം, എന്നാൽ സഹജമായ ദോഷവശങ്ങളുണ്ട്. അത് ഏറ്റവുമധികം ബാധിക്കുന്നത് കുടുംബങ്ങളെയാണ്. പുതുമയ്ക്കുവേണ്ടിയുള്ള ഈ ത്വര സംരംഭങ്ങളിൽ മാത്രമായി ഒതുങ്ങാതെ ആശയങ്ങളിലേക്കും ബന്ധങ്ങളിലേക്കും വേഗത്തിൽ പടരും.

ആത്മീയതയും വിശ്വാസവും മൂല്യാധിഷ്ഠിതജീവിതവുമൊക്കെ കമ്പോളസംസ്കാരത്തിന്റെ ശത്രുക്കളാണ്. കുടുംബവും കുടുംബബന്ധങ്ങളും സ്നേഹവും ഐക്യവും ത്യാഗവുമൊക്കെ ആത്മീയതയിൽനിന്നുളവാകുന്ന പ്രായോഗികതകളാണ്. മതവും വിശ്വാസവും തജ്ജന്യമായ പരിത്യാഗങ്ങളും മിതത്വവുമെല്ലാം വിറ്റഴിക്കലിന് തടസ്സമാകുമെന്നതിനാൽ ലോകവ്യാപകമായ ഭൗതികവല്ക്കരണം പ്രകടമായി ദൃശ്യമാണ്. ദൈവവും ദൈവികതയും ആത്മാവും ആത്മീയതയുമൊക്കെ മനുഷ്യന്റെ സ്വൈര്യവും സ്വതന്ത്രവും സമൃദ്ധവുമായ ജീവിതത്തിനു തടസ്സമാണെന്നും അവയൊക്കെ കെട്ടുകഥകളാണെന്നും അവയിൽനിന്നെല്ലാം മുക്തി പ്രാപിക്കേണ്ടതാണെന്നുമുള്ള ധാരണയുടെ അപകടകരമായ വ്യാപനം ഒരു യാഥാർത്ഥ്യമാണ്. തത്ഫലമായുണ്ടാകുന്ന, കുടുംബം ദൈവസ്ഥാപനമെന്ന ദർശനത്തിലുള്ള വീഴ്ചയോടൊപ്പം വിവാഹത്തിന്റെ കൂദാശാമാനത്തിന്റെ നിസ്സാരവൽക്കരണവും അവഗണനയും വലിയ ദുരന്തങ്ങളെ വരുത്തിവയ്ക്കും. എന്താണു കുടുംബം, എന്തിനാണു കുടുംബം, എങ്ങനെയാണു കുടുംബം എന്ന കാഴ്ചപ്പാടുകളെ പാടെ തകിടം മറിക്കുന്നതാണീ പ്രവണത. വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള ധാരണകളിലെ മാറ്റങ്ങൾ സ്വവർഗ വിവാഹങ്ങളിലും വിവാഹേതര സഹവാസങ്ങളിലും വിവാഹേതര ലൈംഗികബന്ധങ്ങളിലും തെറ്റില്ലെന്ന ചിന്തയെ പ്രോത്സാഹിപ്പിക്കും. ഈ മനോഭാവം പ്രാർത്ഥനയും ദൈവാശ്രയവും ഇല്ലാതാക്കും. സഭയുമായുള്ള ബന്ധത്തിൽ നിസ്സംഗതയും നിഷേധ മനോഭാവവും വളരുവാൻ ഇടയാക്കും. ബന്ധങ്ങളുടെ ലംബമാനം നഷ്ടമാകുമ്പോൾ സമാന്തരമാനവും സ്വാഭാവികമായി ഇല്ലാതാകും. ഈ ലോകത്തിനപ്പുറം ഒരു ജീവിതമുണ്ടെന്നും മനുഷ്യജീവിതത്തിന്റെ ആത്യന്തികലക്ഷ്യം സ്രഷ്ടാവായ ദൈവത്തിൽ എത്തിച്ചേരുകയാണെന്നും നല്കപ്പെടുന്ന ജീവിതാവസ്ഥകൾ അതിനു ദൈവം നമുക്കു കാട്ടിത്തരുന്ന വഴികളാണെന്നുമുള്ള ചിന്ത ഇല്ലാതാകുമ്പോളുണ്ടാകുന്ന പരിണിതഫലങ്ങൾ കുടുംബപ്രശ്നങ്ങളിൽ വർദ്ധനവും പരിഹാരത്തിന് ആത്മീയവഴികൾ തേടാതിരിക്കലും തത്ഫലമായുണ്ടാകുന്ന നിരാശയും അതു കൊണ്ടെത്തിക്കുന്ന വർദ്ധിച്ചു വരുന്ന ആത്മഹത്യകളും തന്നെ.

ഏതു വിധേനയും ഭൗതികമായ ലാഭമുണ്ടാക്കണമെന്ന അതിരുകടന്ന വ്യഗ്രതയിൽ അതിൽമാത്രം ശ്രദ്ധ വയ്ക്കുന്ന ചിന്താ-ജീവിതശൈലി രൂപപ്പെടാൻ ഇടയാകുന്നു. തത്ഫലമായി ധാർമ്മികതയും അതിനെ താങ്ങി നിർത്തുന്ന തത്ത്വങ്ങളും അവഗണിക്കപ്പെടുന്നുവെന്നു

മാത്രമല്ല ബോധപൂർവവും അല്ലാതെയും തച്ചുടയ്ക്കപ്പെടുകയും ചെയ്യുന്നു. ജീവിതപങ്കാളിയുടെ തിരഞ്ഞെടുപ്പു മുതൽ ഈ സംസ്കാരത്തിന്റെ ദുർസ്വാധീനം ഇന്നു പ്രകടമാണ്. വ്യത്യസ്ത തലങ്ങളിലുള്ള ചേർച്ചക്കുറവുകളെ പാടെ അവഗണിച്ച് സാമ്പത്തികലാഭവും കേവല ശരീര സൗന്ദര്യവും മറ്റെന്തെങ്കിലും ഭൗതികനേട്ടങ്ങളുംമാത്രം മാനദണ്ഡമാക്കി നടത്തുന്ന വിവാഹങ്ങൾ പലപ്പോഴും പരാജയത്തിൽ കലാശിക്കുന്നു. കേടു വന്നാൽ നന്നാക്കാൻ മെനക്കെടാതെ അതു കൊടുത്ത് പകരം പുതിയതു മാറിയെടുക്കുന്ന ആധുനിക കമ്പോളസംസ്കാരം പിശകുകൾ തിരുത്തി മുന്നോട്ടു പോകാൻ കൂട്ടാക്കാതെ, ഒഴിവാക്കി പുതിയ വിവാഹത്തിനു നിർബന്ധിക്കുന്ന വിവാഹമോചനപ്രവണതയ്ക്കു വേഗത കൂട്ടുന്നു. കമ്പോളസംസ്കാരത്തിന്റെ മുഖ്യതന്ത്രമായ പരസ്യങ്ങൾ സാവധാനം മനുഷ്യരെ യാഥാർത്ഥ്യബോധത്തിൽനിന്ന് അകറ്റുകയും തെറ്റായ ഒരു സ്വത്വബോധം വളരാൻ കാരണമാക്കുകയും ചെയ്യും. തെറ്റായ സ്വത്വബോധം ഒരു ജീവിതാവസ്ഥയെയും വിജയിപ്പിക്കുകയില്ല.

അമേരിക്കൻ എഴുത്തുകാരനായ മാത്യു കെല്ലിയുടെ പ്രസിദ്ധമായ ഒരു ഗ്രന്ഥമാണ് 'റീഡിസ്കവറിങ്ങ് കത്തോലിസിസം' എന്നത്. ഈ ഗ്രന്ഥത്തിൽ ഇന്നിന്റെ സംസ്കാരവും അതു മനുഷ്യജീവിതത്തിലുളവാക്കുന്ന സ്വാധീനങ്ങളും എന്തൊക്കെയെന്ന് ഗ്രന്ഥകാരൻ നന്നായി വിവരിക്കുന്നുണ്ട്. അതിൽ അദ്ദേഹം എടുത്തുപറയുന്നത് നരവംശപരമായ മൂന്നു തെറ്റായ സ്വാധീനങ്ങളെക്കുറിച്ചാണ്. 1. വ്യക്തിമാഹാത്മ്യവാദം/അവനവനാത്മകത, 2. സുഖലോലുപത/ആസ്വാദനതൃഷ്ണ, 3. ചുരുക്കവാദം/മിനിമലിസം.

**വ്യക്തിമാഹാത്മ്യവാദം** മാനുഷികതയ്ക്കുതന്നെ എതിരാണ്. കാരണം മനുഷ്യൻ അടിസ്ഥാനപരമായി സമൂഹജീവിയാണല്ലോ. തനിക്കു താൻ പോരുമെന്ന ചിന്താഗതിയാണിത്. അവിടെ മറ്റാർക്കും, ജീവിതപങ്കാളിക്കോ മാതാപിതാക്കൾക്കോ മക്കൾക്കോ സഹോദരങ്ങൾക്കോ, ഒരു പരിധിക്കപ്പുറം സ്ഥാനമില്ല. എനിക്കും എന്റെ സൗകര്യങ്ങൾക്കും വിലങ്ങുതടിയാകുകയോ തനിക്കു വ്യക്തിപരമായി പ്രയോജനം ഇല്ലാതാകുകയോ ചെയ്താൽ അവരെ ഒഴിവാക്കുന്ന ജീവിതശൈലിയാണിത്. മാതാപിതാക്കൾ മക്കളെ ഉപേക്ഷിക്കുന്നതും കൊന്നുകളയുന്നതും മക്കൾ മാതാപിതാക്കളെ വഴിയിൽ ഉപേക്ഷിക്കുന്നതും നിഷ്കരുണം വധിക്കുന്നതും ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും കൊല്ലുന്നതുമായ വാർത്തകൾ ഇന്നു വിരളമല്ലെന്നത് ഈ യാഥാർത്ഥ്യത്തിലേക്കു നമ്മുടെ കണ്ണു തുറപ്പിക്കുന്നു.



ഈ പ്രവണത ഭാര്യാഭർതൃബന്ധത്തിലെ നിസ്വാർത്ഥ സമർപ്പണവും വ്യവസ്ഥയില്ലാത്ത സ്നേഹവും അസാദ്ധ്യമാക്കുന്നു. എനിക്കെന്തു കിട്ടും എന്ന ചോദ്യമാണ് ഈ കൂട്ടരുടെ ജീവിതത്തിൽ എപ്പോഴും ഉയരുന്നത്. എനിക്കു വ്യക്തിപരമായി ലാഭങ്ങൾ കിട്ടാത്ത ഒന്നിനെയും സ്വീകരിക്കാൻ വിമുഖത മാത്രമല്ല, അതിനെ തള്ളിപ്പറയുന്ന മനോഭാവ

ത്തിന്റെ വളർച്ച ഇവിടെ സ്വാഭാവികമാണ്. ജീവിതത്തിന്റെ സർവരംഗങ്ങളിലും അതിരുകടന്ന കച്ചവട മനോഭാവത്തിന്റെ കടന്നുകയറ്റം ഇക്കൂട്ടരിൽ ദർശിക്കാനാകും. കുടുംബത്തെ കുടുംബമാക്കുന്ന ബന്ധങ്ങൾ ഈ മനോഭാവത്തിൽ അപ്രസക്തമാണ്. തന്റെ വ്യക്തിസ്വാതന്ത്ര്യത്തിനു വിലങ്ങുതടിയാകുമെന്നതിനാൽ വിവാഹംതന്നെ വേണ്ടെന്നുവയ്ക്കുന്ന ചിന്താഗതി വളരാൻ ഇത് ഇടയാക്കും. വ്യക്തിമാഹാത്മ്യവാദത്തിന്റെ പ്രായോഗികമായ ബാക്കിപത്രം സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തെറ്റായ കാഴ്ചപ്പാടുകളാണ്. തനിക്കിഷ്ടമുള്ളത് ഇഷ്ടമുള്ളപ്പോൾ ഇഷ്ടംപോലെ ചെയ്യുന്നതാണ് സ്വാതന്ത്ര്യമെന്ന വികലചിന്ത വിവാഹ നിഷേധത്തിലേക്കോ വിവാഹ പരാജയത്തിലേക്കോ നയിക്കും.

**സുഖലോലുപതയും അതിരുകടന്ന ആസ്വാദനതൃഷ്ണയും** കുടുംബത്തിനു നേരെയുണർത്തുന്ന വെല്ലുവിളികൾ ചെറുതല്ല. ജീവിതം ആസ്വദിക്കാനുള്ളതാണെന്നും ഉടനടി ആസ്വാദനം തരാത്തതൊന്നും സ്വീകാര്യമല്ലെന്നതുമാണ് ഇതിന്റെ തത്ത്വശാസ്ത്രം. ഈ മനോഭാവം കുടുംബജീവിതത്തിലുളവാക്കുന്ന അതിമാരകമായ വിപത്തുകളുണ്ട്. കുടുംബം ത്യാഗത്തിന്റെ ഒരു ബലിവേദിയാണെന്ന തത്ത്വം ഇവിടെ അപ്രസക്തമാകുന്നു. വിവാഹത്തിലെ ലൈംഗികതയുടെ ആസ്വാദനത്തിനപ്പുറമുള്ള ധാർമ്മികവും ദൈവികവുമായ മാനങ്ങൾ പാടെ അവഗണിക്കപ്പെടുവാൻ ഇത് ഇടയാക്കും. ദാമ്പത്യ അവിശ്വസ്ത നിസ്സാരവൽക്കരിക്കപ്പെടുകയും ന്യായീകരിക്കപ്പെടുകയും ചെയ്യുന്നു. കുട്ടികൾ ജനിക്കുന്നതും കൂടുതൽ ജനിക്കുന്നതും ജീവിതത്തിന്റെ ആസ്വാദനം നഷ്ടപ്പെടുത്തുന്നുവെന്ന ധാരണയുടെ വളർച്ചയും വൈവാഹിക ലൈംഗികതയുടെ പരസ്പരപൂരകമാനങ്ങളായ സ്നേഹവും ജീവനും വേർതിരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ നിഷേധിക്കപ്പെടുകയോ ചെയ്യുന്ന വൻ ദുരന്തവും തത്ഫലമായി വന്നു ഭവിക്കും. മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം തുടങ്ങിയ ക്ഷിപ്ര ആസ്വാദനോപാധികൾ ന്യായീകരിക്കപ്പെടുകയും ചിലപ്പോഴെങ്കിലും മഹത്ത്വവൽക്കരിക്കപ്പെടുകയും ചെയ്തേക്കാം. സുഖവും സന്തോഷവും തമ്മിൽ വേർതിരിക്കാതെ പോകും.

വസ്തുക്കളെപ്പോലെതന്നെ വ്യക്തികളും ഉപയോഗവസ്തുക്കൾ മാത്രമാണെന്ന ധാരണയും ഉപയോഗശൂന്യമായതിനെയോ ലാഭം നല്കാത്തതിനെയോ കാത്തുസൂക്ഷിക്കുക നഷ്ടവും വിഡ്ഢിത്തവുമാണെന്ന ധാരണയുടെ വളർച്ചയും ഈ ചിന്താഗതിയുടെ സ്വാഭാവിക പരിണിതഫലങ്ങളാണ്. ഇതുമൂലം ബന്ധങ്ങളെ തകർക്കുന്ന ചിന്താരീതി വളരാൻ ഇടയാകും. കുടുംബം ത്യാഗത്തിന്റെ ഒരു ബലിവേദിയാണല്ലോ. ദമ്പതികളുടെ പരസ്പരസ്നേഹത്തിലുള്ള വളർച്ചയ്ക്കും കുഞ്ഞുങ്ങളെ ജനിപ്പിക്കുന്നതിലും വളർത്തുന്നതിലും അനിവാര്യമായ, വിലമതിക്കാനാവാത്ത ത്യാഗമനോഭാവം ഈ ചിന്താഗതി അപ്രത്യക്ഷമാക്കും. വൃദ്ധരാകുന്ന മാതാപിതാക്കളും രോഗികളാകുന്ന ദമ്പതികളും അംഗവൈകല്യമുള്ള മക്കളും ഈ ചിന്താഗതിയിൽ ഭാരവും നഷ്ടവുമായി കണക്കാക്കപ്പെടും.

**ചുരുക്കവാദം അല്ലെങ്കിൽ മിനിമലിസത്തിന്റെ മുദ്രാവാക്യം** ഏറ്റവും കുറച്ചധ്വാനം, പരമാവധി നേട്ടം എന്നതാണ്. ഇതും കുടുംബദർശനത്തിലും ജീവിതത്തിലും ദൂരവ്യാപകമായ വിപരീതഫലങ്ങൾക്കു വഴിതെളിക്കും. തമ്പുരാൻ തന്നെ ഭരമേല്പിച്ച കുടുംബത്തിന്റെ സർവതോന്മുഖമായ പുരോഗതിക്കായി അധ്വാനിക്കാൻ ഈ മനോഭാവം ഒരുവനെ വിമുഖനാക്കും. പരമാവധി ചെറിയ കുടുംബമാണ് ഉത്തമമെന്ന ധാരണ വളരും. വലിയ കുടുംബങ്ങളെ പുലർത്താൻ പര്യാപ്തമായ വിഭവങ്ങളെ ദൈവത്തിൽനിന്നു സ്വീകരിച്ചിട്ടുള്ളവർപോലും സൗകര്യക്കേടുകളെ നിരത്തി അതിനു തയ്യാറാകാതെ പിന്മാറും. ഞാൻ പാതി നീ പാതി എന്ന 50:50 നയം എല്ലാക്കാര്യങ്ങളിലും പുലർത്താൻ തുടങ്ങുമെന്നു മാത്രമല്ല സ്രഷ്ടാവ് ആഗ്രഹിക്കുന്ന പരസ്പരപൂരകത്വം മാനുഷിക കണക്കുകൂട്ടലുകളാൽ തകർക്കപ്പെടും.

ഇവ മൂന്നും കുടുംബജീവിതത്തിന്റെ സന്തുലിതാവസ്ഥയെ തകർക്കും. സംസ്കാരത്തിന്റെ പിള്ളത്തൊട്ടിലും വളർച്ചാകേന്ദ്രവും വാഹകനും കുടുംബമാകയാൽ ഈ തകർച്ച സംസ്കാരത്തെതന്നെ ശിഥിലമാക്കും. ആകയാൽ ഈശോ ഉപമയിൽ അരുൾച്ചെയ്തതുപോലെ ക്രൈസ്തവ സംസ്കാരമാകുന്ന ഉറച്ച പാറമേൽ അടിസ്ഥാനമിട്ട കുടുംബങ്ങൾക്കു രൂപംകൊടുക്കേണ്ടത് ഇന്നിന്റെ ഒരു അത്യാസന്നമായ ആവശ്യമാണ്.

അതിസങ്കീർണവും മാരകവുമായ ഈദൃശ്യ വെല്ലുവിളികൾ അതിവേഗം വ്യാപകമാകുമ്പോൾ അവയെ അഭിമുഖീകരിച്ചു മുന്നേറുവാൻ നമുക്കു കുടുംബങ്ങളെ എങ്ങനെ ശക്തിപ്പെടുത്താനാകും? എന്തു പരിഹാരമാർഗങ്ങളാണു നിർദ്ദേശിക്കാനാകുന്നത്? ഈ ചോദ്യങ്ങൾക്കുത്തരമാണ് മംഗളവാർത്തക്കാലമെന്ന ഈ ആരാധനക്രമവത്സര കാലഘട്ടം. മംഗളവാർത്തയും അതിനോടുള്ള മറിയത്തിന്റെയും മാർ യൗസേപ്പിന്റെയും ക്രിയാത്മക പ്രതികരണങ്ങളും തിരുക്കുടുംബമെന്ന വലിയ അനുഗ്രഹത്തിനു രൂപം നല്കി എന്നു നമുക്കറിയാം. നാമിന്ന് ഭക്ത്യാദരവുകളോടെ അനുസ്മരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന തിരുക്കുടുംബം 'തിരു' കുടുംബമായതിന്റെ ഏക കാരണം പാവപ്പെട്ട ആ കുടുംബത്തിൽ ദൈവം വന്നു പിറക്കുകയും വസിക്കുകയും ചെയ്തുവെന്നതാണ്. ആലങ്കാരികമായി പറഞ്ഞാൽ നമ്മുടെ കുടുംബങ്ങളും ഈശോ വന്നു പിറന്ന ബേത്ലഹേമും അവിടുന്നു വളർന്ന നസ്രത്തുമാകണം.

2014 ജൂൺമാസം ഒന്നാം തീയതി റോമിലെ ഒളിമ്പിക് സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനത്തിന്റെ 37-ാമത് ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്ത് പരിശുദ്ധ പിതാവ് ഭാഗ്യമോടെ വാഴുന്ന ഫ്രാൻസിസ് മാർപാപ്പ പറഞ്ഞ വാക്കുകൾ ഇവിടെ തികച്ചും സ്മർത്തവ്യമാണ്. പാപ്പാ പറഞ്ഞു: "Families are the domestic Church, where Jesus grows; he grows in the love of spouses, he grows in the lives of children. That is why the enemy so often attacks the family. The devil does not want the family; he tries to destroy it, to make sure that there is no love there. Married couples are sinners, like us all, but they want to go forward in faith, in fruitfulness, in their children and their children's faith. May the Lord bless families and strengthen them in this time of crisis when the devil is seeking to destroy them".

അതെ, പാപ്പാ നമ്മെ സ്നേഹപൂർവം അനുസ്മരിപ്പിക്കുന്നതുപോലെ നമ്മുടെ കുടുംബങ്ങൾ ഈശോ വളരുന്ന ഗാർഹികസഭകളാകണം. അതു സാദ്ധ്യമാകുന്നതോ, ദമ്പതികൾ തമ്മിലുള്ള പരസ്പര സ്നേഹത്തിലൂടെയും ജീവന്റെ പരികർമ്മത്തിലൂടെയുമാണ്. മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ പിശാച് താല്പര്യപൂർവം നോട്ടമിട്ടിരിക്കുന്ന വേദിയാണു കുടുംബം. ആ ദുഷ്ടശക്തിക്ക് കുടുംബത്തിൽ ഇടം കൊടുക്കരുത്. മറിച്ച് ദൈവികത ശക്തിപ്പെടണം. അതിനുള്ള വഴിയോ സ്നേഹവും ജീവനും. ഇവ രണ്ടും ഒരു വിധത്തിൽ പറഞ്ഞാൽ വിശുദ്ധ ഗ്രന്ഥം ദൈവത്തെ വിവരിക്കുവാൻ ഉപയോഗിക്കുന്ന രണ്ടു പദങ്ങളല്ലേ.... യോഹന്നാൻശ്ലീഹായുടെ ഒന്നാം ലേഖനം പറയുന്നു: "ദൈവം സ്നേഹമാണ്" (1 യോഹ 4,8). ഈശോ അരുൾച്ചെയ്തു: "വഴിയും സത്യവും ജീവനും ഞാനാണ്" (യോഹ 14,6). അതുകൊണ്ടാണ് "പുത്രനെ സ്വന്തമാക്കിയവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു" (1 യോഹ 5,12) എന്ന് യോഹന്നാൻശ്ലീഹാ പഠിപ്പിക്കുന്നത്.

മംഗളവാർത്തക്കാലവും പിറവിത്തിരുനാളും ഒരിക്കലും അവസാനിക്കാത്ത സ്നേഹത്തിന്റെയും ഒരിക്കലും തീരാത്ത ജീവന്റെയും പാവനമായ സ്മരണകൾ നമ്മിലുണർത്തുമ്പോൾ സ്നേഹത്തിന്റെയും ജീവന്റെയും ഈറ്റില്ലമായ കുടുംബങ്ങൾ ഉണരാൻ ഇടയാകണം. കുടുംബങ്ങളുടെ ഉണർവ് സംസ്കാരത്തെ തളരാതെ കാത്തുസൂക്ഷിക്കും; സഭയെ സർവഥാ ശക്തിപ്പെടുത്തും. ഒരു കുടുംബത്തിൽ വന്നു പിറന്ന ദൈവപുത്രനായ ഈശോമിശിഹാ നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ.



# മംഗളവാർത്ത

ഷീലമ്മ പൂതക്കുഴി
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ദൈവികദൂതൻ സ്വർഗീയദൂതുമായ്
കന്യകാമേരിതൻ ചാരെയണഞ്ഞു
മാലോകർക്കാനന്ദ പൂമഴയായിടും
മംഗളവാർത്തയൊന്നോതി മെല്ലെ
ദൈവികസൂനുവാ കന്യാതനയനായ്
റൂഹാതൻ കൃപയാൽ പിറന്നീടുമേ!

പാരിനെ പാപത്തിൻ ചേറ്റിൽനിന്നേറ്റുവാൻ
ദൈവകുമാരൻ പിറക്കുന്ന സദ്വാർത്ത
മേരിക്കതത്രമേൽ മംഗളമല്ലേലും
ഞാനിതാ ദൈവത്തിൻദാസിയെന്നവളോതി
ദൈവഹിതമനുവർത്തിക്കാൻ മനസ്സായ്
'രക്ഷകനെ', തന്നു ദൈവജനനിയായ്!



'അഹ'ത്തിൻ പുറന്തോടുപൊട്ടിച്ചതിൽ-
നിന്നു സ്വതന്ത്രനാം നേരത്തുമാത്രമേ
ദൈവികപദ്ധതിക്കനുരൂപമാംവിധം
മനയപ്പെടാൻ ഞാൻ പ്രാപ്തി നേടൂ
കുശവനു യോജിച്ച കളിമണ്ണായ് മാറിയാൽ
സ്രഷ്ടാവിൻ വൈഭവം വെളിവാകുമെന്നിലും!

ജീവിതം തരുന്നതാമനുഭവമോരോന്നും
ദൈവസ്നേഹാനുഭവമായിപ്പകർത്തുകിൽ
സുഖദുഃഖവേളയിലടി പതറീടാതെ
ദിനമനുജീവിതം നയിക്കുവാനാവുകിൽ
കന്യകാമേരിയിലന്വർത്ഥമായതാം
'മംഗളവാർത്ത'യായ് മാറിടും ജീവിതം!




# പ്രത്യാശ
# അതിസ്വാഭാവിക പുണ്യം

**റോസമ്മ കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**അ**ശാന്തിയുടെ അന്തരീക്ഷം സൃഷ്ടിക്കപ്പെടുകയും വ്യാപിപ്പിക്കപ്പെടുകയും ചെയ്യുന്ന ഈ ഭൂമിയിൽ പ്രത്യാശയ്ക്ക് സ്ഥാനമുണ്ടോ? പ്രത്യാശയെക്കുറിച്ചുള്ള പ്രസംഗങ്ങളും ലേഖനങ്ങളുംമാത്രം ഉണ്ടായിട്ടു കാര്യമില്ല, അത് പ്രായോഗികജീവിതത്തിൽ പ്രകടമാകണം. പ്രത്യാശ എന്ന യാഥാർത്ഥ്യത്തെ മനസ്സിലാക്കണമെങ്കിൽ അതിനെ അതിസ്വാഭാവികതയുടെ തലത്തിൽ കാണേണ്ടതുണ്ട്. അതായത്, ദൈവികപുണ്യങ്ങളായ വിശ്വാസത്തോടും സ്നേഹത്തോടും ബന്ധപ്പെടുത്തിയാണ് പ്രത്യാശയെ മനസ്സിലാക്കേണ്ടത്. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും അവസ്ഥയിൽനിന്നുമാണ് പ്രത്യാശ ജന്മംകൊള്ളുന്നത്.

അതിസ്വാഭാവികതയുടെ തലത്തിൽ, അല്ലെങ്കിൽ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ബന്ധത്തിൽ, പ്രത്യാശയെ ഉറപ്പിക്കുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? മാനുഷികകാരണങ്ങളാൽ ഉള്ളതല്ല പ്രത്യാശ എന്നാണത് സൂചിപ്പിക്കുന്നത്. നമ്മെത്തന്നെയോ നമുക്കു ചുറ്റുമുള്ള യാഥാർത്ഥ്യങ്ങളെയോ ആണ് പ്രത്യാശയുടെ അവലംബമായി കാണുന്നതെങ്കിൽ, ആ പ്രത്യാശയ്ക്ക് ഉറപ്പേറിയ അടിസ്ഥാനമില്ല എന്നത് ഓർക്കേണ്ടതുണ്ട്.

ജീവിതത്തിൽ മുമ്പോട്ടുപോകുമ്പോഴാണ് മനുഷ്യന്റെ പരിമിതികളും ഇല്ലായ്മകളുമൊക്കെ നാം കൂടുതൽ മനസ്സിലാക്കുന്നത്. രക്ഷാകരചരിത്രത്തിലെ ആദ്യനായകൻ മനുഷ്യനല്ല, മറിച്ച് ദൈവമാണ്; ഈശോയാണ്; പരിശുദ്ധാത്മാവാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ രക്ഷാകരചരിത്രത്തിനു തുടക്കം കുറിച്ചതു ദൈവമാണ്. തീർച്ചയായും അതിൽ നമുക്കൊരു ഭാഗമുണ്ട്; കൂട്ടുത്തരവാദിത്വമുണ്ട്. അതാകട്ടെ, വളരെ ചെറുതും ദരിദ്രവും നിസ്സാരവുമാണ്. ഇതു ദൈവത്തിന്റെ സമ്പന്നതയും നമ്മുടെ ദരിദ്രാവസ്ഥയുമാണ് വെളിപ്പെടുത്തുന്നത്.

യഥാർത്ഥ പ്രത്യാശ സ്വാഭാവികതയിൽനിന്നും അതിസ്വാഭാവികതയിലേക്കു വളരണം. അതായത്, ദൈവമാകുന്ന, ഈശോയാകുന്ന പാറമേലാണ് നമ്മുടെ പ്രത്യാശ അടിസ്ഥാനമിടേണ്ടത്. ഇപ്രകാരം അതിസ്വാഭാവികതലത്തിൽ വയ്ക്കുമ്പോഴാണ് പ്രത്യാശ എന്ന പുണ്യം




യാഥാർത്ഥ്യമായിത്തീരുന്നത്. ദൈവത്തിൽനിന്നുമാണ് പ്രത്യാശ ജനിക്കുന്നത്. ദൈവത്തോടുള്ള അഗാധമായ സ്നേഹബന്ധത്തിൽനിന്നുമാണ് പ്രത്യാശ ജനിക്കുന്നതെന്നു നാം മനസ്സിലാക്കണം. വിശ്വാസവും സ്നേഹവുമുണ്ടെങ്കിലേ പ്രതീക്ഷയുണ്ടാകൂ. ഈ വിശ്വാസവും സ്നേഹവും നമുക്കു നമ്മുടെ നേർക്കുതന്നെ ഉണ്ടാകണം.

കർത്താവു നമ്മെ സ്നേഹിച്ചതിനാൽ നമ്മുടെ ദരിദ്രാവസ്ഥയെ, പരിമിതിയെ നാം അതിജീവിക്കുന്നു. പരിശുദ്ധ അമ്മയ്ക്ക് തന്റെ ഇല്ലായ്മയെക്കുറിച്ചു നല്ല ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് സ്തോത്രഗീതത്തിൽ "ശക്തനായവൻ എന്നിൽ വൻ കാര്യങ്ങൾ ചെയ്തിരിക്കുന്നു" (ലൂക്കാ 1,49) എന്ന് പരിശുദ്ധ അമ്മ പാടിയത്. നമ്മിലൂടെ ദൈവം ചെയ്യുന്നവയെക്കുറിച്ചും നമ്മിൽ അവിടുന്നു വർഷിക്കുന്ന അനന്തസ്നേഹത്തെക്കുറിച്ചുമുള്ള ബോധ്യമാണ് നമ്മുടെ പ്രതീക്ഷയുടെ ഉറവിടം. പൗലോസ്ശ്ലീഹാ പറയുന്നതുപോലെ "എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്കെല്ലാം സാധിക്കും" (ഫിലി 4,13) എന്ന മനോഭാവത്തോടെ, നമ്മുടെ ഭാവിയെ ശാന്തതയോടും പ്രതീക്ഷയോടും തീർച്ചയോടുംകൂടി നോക്കാൻ നമുക്കു കഴിയും. എന്തെന്നാൽ, നാം പ്രതീക്ഷ വച്ചിരിക്കുന്നതു ദൈവത്തിലാണ്. അങ്ങനെയായാൽ നമ്മുടെ പ്രത്യാശ യാഥാർത്ഥ്യമായിത്തീരും. പ്രത്യാശയെ അതിസ്വാഭാവികതയുടെ തലത്തിൽ ഉറപ്പിച്ചുകൊണ്ട്, വിശ്വാസികളായ നാമെല്ലാം പ്രത്യാശയുടെ പ്രഘോഷകരും പ്രവർത്തകരും സാക്ഷികളുമായി തീരുകയും ചെയ്യും.

# കാഞ്ചീപുരം പട്ടുസാരി

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



**അ**തിമനോഹരിയായിരുന്നു അവൾ!!!!

ലവൻഡർ നിറം കൊടുത്ത് അവളെ നെയ്തെടുത്തവർ പോലും കണ്ണിമയ്ക്കാതെ അവളെ നോക്കിനിന്നു!! വസ്ത്രവ്യാപാരികൾ അവളെ സ്വന്തമാക്കാൻ ക്യൂ നിന്നു. നീണ്ട യാത്രയ്ക്കൊടുവിൽ അവൾ എത്തിച്ചേർന്നത് നഗരത്തിലെ ഏറ്റവും പ്രശസ്തമായ ടെക്സ്റ്റൈൽ ഷോപ്പിലാണ്. ഡിസ്‌പ്ലേ ചെയ്ത അന്നുതന്നെ വധൂവരന്മാർ അവളെ സ്വന്തമാക്കാനുള്ള മത്സരത്തിലായിരുന്നു. അവസാനം അവൾ ഒരാളുടെ സ്വന്തമായിത്തീർന്നു. അതിസുന്ദരിയായ വധു. കാഞ്ചീപുരത്തിന് ഒത്തിരി സന്തോഷമായി. തന്റെ നിറത്തെയും സൗന്ദര്യത്തെയും മറ്റുള്ളവർ വാനോളം വാഴ്ത്തിപുകഴ്ത്തിയതിന്റെ അതിയായ ആഹ്ലാദത്തിലായിരുന്ന കാഞ്ചിപുരം സാരി സ്വപ്നം കാണാൻ തുടങ്ങി. തന്നെയും ഉടുത്ത് മണവാട്ടിപ്പെണ്ണ് അണിഞ്ഞൊരുങ്ങുന്ന കല്യാണദിവസം!! കല്യാണദിവസം കല്യാണപ്പെണ്ണിനേക്കാൾ എന്നെ ആയിരിക്കും എല്ലാവരും വർണ്ണിക്കുന്നത്!

നിറമുള്ള സ്വപ്നങ്ങളിൽ മുഴുകിയിരുന്നവളെ കവറിലാക്കി വധുവിന്റെ അമ്മ കൊണ്ടുപോയത് ടെയിലറിംഗ് ഷോപ്പിലേക്കായിരുന്നു. തയ്യൽക്കാരന് ആ അമ്മ കൊടുത്ത നിർദ്ദേശങ്ങളൊന്നും സ്വപ്നലോകത്തായിരുന്ന കാഞ്ചീപുരം കേട്ടില്ല.

പെട്ടെന്ന് അവളൊന്നു ഞെട്ടി! ശരീരം വെട്ടി നുറുക്കുകയാണ്!! സഹിക്കാൻ പറ്റാത്ത വേദന!!

തയ്യൽക്കാരൻ നിർദാക്ഷിണ്യം തലങ്ങും വിലങ്ങും വെട്ടി മുറിക്കുകയാണ്!!!! ശരീരത്തിന്റെ മുറിവിനേക്കാൾ കാഞ്ചിപുരത്തിന് വേദനയായത് മനസ്സിന്റെ വേദനയായിരുന്നു. അവൾ

ഓർത്തു.... എത്രയെത്ര പേർ എന്നെ സ്വന്തമാക്കാൻ ആഗ്രഹിച്ചതാണ്..... മംഗളകരമായ മുഹൂർത്തത്തിന് മംഗളമാകാൻ മോഹിച്ച മംഗല്യപട്ടിന്റെ വിധി!!!!

സ്വയം പരിതപിച്ച് നിൽക്കവേ വേദനയാൽ അവൾ വീണ്ടും പുളഞ്ഞു!

ആയിരമായിരം സൂചികൾ കുത്തിത്തുളയ്ക്കുയാണ്.... വെട്ടിമുറിച്ചവനെക്കാൾ ക്രൂരനാണ് തയ്യൽക്കാരൻ. തന്റെ രൂപവും ഭാവവും മാറിക്കൊണ്ടിരുന്നത് കഠിനവേദനയോടെ അവൾ തിരിച്ചറിഞ്ഞു.

പിന്നെ അവളുടെ ബോധം മറഞ്ഞു. പൊള്ളലിന്റെ ചൂടേറ്റാണ് അവൾ ഞെട്ടി ഉണർന്നത്. ദുഷ്ടൻ... ഇസ്തിരിപ്പെട്ടി കൊണ്ട് തേക്കുകയാണ്. തന്റെ വിധിയെ പഴിച്ചുകൊണ്ട് അടക്കാനാവാത്ത ദേഷ്യത്തോടെ അവൾ അനങ്ങാതെ കിടന്നു....

പെട്ടെന്ന് അവൾ കണ്ടു, വധുവിന്റെ അമ്മ കാറിൽ നിന്ന് ഇറങ്ങി കടയിലേക്ക് വരുന്നു.... കരണത്ത് ഒന്ന് പൊട്ടിക്കണമെന്ന് കാഞ്ചിപുരത്തിന് തോന്നി. "എന്തു ഭാവിച്ചാണോ വരവ്"....

തയ്യൽക്കാരൻ കൊടുത്ത കവറിൽ നിന്നും കാഞ്ചിപുരത്തെ പുറത്തെടുത്ത് അമ്മ മേശയിൽ വിരിച്ചിട്ടു. എന്നിട്ട് അതീവ സന്തോഷവതിയായി പറഞ്ഞു: ''ഞാൻ വിചാരിച്ചതിലും മനോഹരമായിരിക്കുന്നു"!

അപ്പോൾ മാത്രമാണ് കാഞ്ചിപുരം തിരിച്ചറിഞ്ഞത് താൻ അതിമനോഹരിയായ ബ്രൈഡൽ ഫ്രോക്ക് ആയി മാറിയിരിക്കുന്നുവെന്ന്!!!

കല്യാണദിവസം വധു ധരിച്ച കാഞ്ചിപുരം ഫ്രോക്ക് ആരുടെയും മനം മയക്കുന്നതായിരുന്നു!!! മംഗല്യമുഹൂർത്തത്തിന്റെ മംഗളവാർത്തയായി താൻ മാറിയിരിക്കുന്നു. എല്ലാവരും പറയുന്നത് അവൾ കേട്ടു: "പെണ്ണിന്റെ ഉടുപ്പ് എക്സലെന്റായിരിക്കുന്നു".

കാഞ്ചിപുരം തിരിച്ചറിഞ്ഞു, വെട്ടലും മുറിക്കലും കുത്തലുമൊക്കെ തന്നെ എക്സലെന്റാക്കുവാനുള്ള പ്രക്രിയകളായിരുന്നുവെന്ന്....

പ്രിയമുള്ളവരേ, മംഗളവാർത്തക്കാലത്ത് നമുക്കെല്ലാവർക്കും മംഗളവാർത്തയാകുവാൻ ഒരു കുടുംബം സഹിച്ച ത്യാഗങ്ങളും വേദനകളും തെറ്റുദ്ധാരണകളും നമുക്ക് ഓർക്കാം. യൗസേപ്പ് എന്ന അപ്പൻ, മറിയമെന്ന അമ്മ, ഉണ്ണീശോ എന്ന ദിവ്യ പൈതൽ....

അവർ അനുഭവിച്ച തെറ്റുദ്ധാരണകളുടെ മുറിക്കലുകൾ! ദാരിദ്ര്യത്തിന്റെയും അപമാനത്തിന്റെയും സൂചികുത്തലുകൾ!! നാടുവിട്ടോടി പോകേണ്ട യാതനകൾ!!! എന്തിനുവേണ്ടി...? നമുക്ക് ഓരോരുത്തർക്കും മംഗളവാർത്തയാകുവാൻ....

ദൈവാലയത്തിൽ വച്ച് ശെമയോൻ മറിയമെന്ന അമ്മയോട് പറഞ്ഞു: ''നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറും" (ലൂക്കാ 2,35). വാൾപോലെ തുളച്ചുകയറുന്ന എല്ലാ അനുഭവങ്ങളെയും സന്തോഷത്തോടെ സ്വീകരിച്ചുകൊണ്ട് അവൾ പറഞ്ഞു: "ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ" (ലൂക്കാ 1,38).

അങ്ങനെയവൾ ദൈവത്തിനും മനുഷ്യർക്കും മംഗളവാർത്തയായി!

പ്രിയ ചങ്ങാതി, ഇത് എന്റെയും നിന്റെയും കാലമാണ്; മംഗളവാർത്തയാകാനുള്ള കാലം ജീവിതത്തിലേക്കു കടന്നുവരുന്ന വെട്ടലുകളും മുറിക്കലും കുത്തലുകളും കൂട്ടിച്ചേർക്കലുകളുമൊക്കെ മറ്റുള്ളവർക്ക് മംഗളവാർത്തയാകാനുള്ള ദൈവത്തിന്റെ പദ്ധതികളാണ്. കാഞ്ചിപുരം നമ്മെ ഓർമിപ്പിക്കുന്നത് ഇതുതന്നെയാണ്. ജീവിതത്തിന്റെ നെരിപ്പോടുകളുടെ നടുവിൽനിന്ന് തിരുക്കുടുംബത്തോടു ചേർന്ന് നമുക്കും പറയാം "തിരുഹിതം നിറവേറട്ടെ". അപ്പോൾ നമ്മുടെ ജീവിതവും മംഗളകരമാകും... മംഗളവാർത്തയാകും....

# സ്വർഗീയ ആരാമത്തിലെ ബ്രിജിറ്റ്



ലില്ലി ഇല്ലിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*"ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"*
**(യോഹ 11,25).**

**കു**ടുംബത്തിലും ഇടവകയിലും സഭയിലും സമൂഹത്തിലും എല്ലാവരും ഒരുപോലെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഇഹലോകത്തിൽ മാതൃകാപരമായ ഒരു നല്ല ജീവിതം നയിച്ച് സ്വർഗീയ ആരാമത്തിലേക്കു മാറ്റപ്പെട്ട ഇത്തമ്മ എന്നു വിളിക്കപ്പെട്ടിരുന്ന ബ്രിജിറ്റ് ഫിലിപ്പ് കുന്നത്തുപുരയിടം. അപ്പസ്തോലിക് ഒബ്ലേറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകപിതാവ് ദൈവദാസൻ വില്യം ജക്വീന്താ കുടുംബവിശുദ്ധീകരണം ലക്ഷ്യമാക്കി സ്ഥാപിച്ച കോ-ഓപ്പറേറ്റീവ്സ് എന്ന വിവാഹിതരായ സ്ത്രീകളുടെ ഗ്രൂപ്പിലെ അംഗമായിരുന്നു ഇത്തമ്മ എന്നത് നന്ദിയോടെ അനുസ്മരിക്കുന്നു. ജക്വീന്താ പിതാവിന്റെ ആഹ്വാനംപോലെ സഭയെ സ്നേഹിക്കുകയും സഭയോടു വിശ്വസ്തത പുലർത്തുകയും സഭയുടെ എല്ലാ തലങ്ങളിലും ആത്മാർത്ഥതയോടെ, സത്യസന്ധതയോടെ, സന്തോഷത്തോടെ, അർപ്പണബോധത്തോടെ ശുശ്രൂഷ ചെയ്യുകയും ചെയ്ത ഒരു വ്യക്തി!

വിവാഹിതയായി എലിക്കുളം ഉണ്ണിമിശിഹാ ഇടവകയിലെത്തിയ നാൾമുതൽ മാതൃവേദിയുടെ സജീവപ്രവർത്തകയും പ്രസിഡന്റുമൊക്കെയായി ഇത്തമ്മ ശുശ്രൂഷ ചെയ്തു. 25 വർഷങ്ങൾക്കു മുമ്പ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ വനിതായൂണിറ്റിന്റെ പ്രവർത്തനം എലിക്കുളം ഇടവകയിൽ ആരംഭിച്ചപ്പോൾ മുതൽ വിവിധ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് സജീവപ്രവർത്തകയായി നിലകൊണ്ടു. ഓരോ പ്രാവശ്യവും വിദേശത്ത് മക്കളെ സന്ദർശിച്ചു തിരികെ വരുമ്പോഴെല്ലാം അവിടെനിന്നും തുക ശേഖരിച്ച് ഇടവകാംഗങ്ങളും മറ്റു മതസ്ഥരുമായ പാവങ്ങൾക്ക് പഠന-ചികിത്സാ സഹായങ്ങൾ നല്കിയിരുന്നു. സൊസൈറ്റി പ്രസിഡന്റായിരുന്ന കാലഘട്ടത്തിൽ ഇടവകാതിർത്തിക്കുള്ളിലെ നൂറിൽപരം കുടുംബങ്ങൾക്ക് വാട്ടർ ടാങ്കുകളും 25 കുടുംബങ്ങൾക്ക് ഗ്യാസ് കണക്ഷനും വിതരണം ചെയ്യുന്ന പ്രോജക്റ്റുകൾ നടപ്പിലാക്കി. സൊസൈറ്റിയുടെ സെൻട്രൽ കൗൺസിൽ അംഗമായും പല തവണ സേവനം ചെയ്തിട്ടുള്ള ഇത്തമ്മ, ഇടവകയും പഞ്ചായത്തുമായി സഹകരിച്ചു പ്രവർത്തിക്കുന്ന വനിതാ പ്രതിഭാസംഘത്തിലെയും സജീവപ്രവർത്തകയായിരുന്നു. പാരീഷ് കൗൺസിൽ അംഗമായി സേവനമനുഷ്ഠി

ച്ചിട്ടുള്ള ഇത്തമ്മ, രൂപതാതല ഗുഡ് ന്യൂസ് ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ബൈബിൾ സ്റ്റഡി ക്ലാസിലെ ആദ്യകാല ബാച്ചിൽത്തന്നെ പഠിച്ച് അതു വഴി തന്റെ പ്രേഷിതപ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കി.

അപ്പസ്തോലിക് ഒബ്ലേറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടിനോടു ചേർന്ന്, കുടുംബവിശുദ്ധി പ്രേഷിതത്വമായി സ്വീകരിച്ചു പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ്സിന്റെ എലിക്കുളം ഇടവകയിലെ ഗ്രൂപ്പിലെ ആദ്യകാല അംഗമായിരുന്ന ഇത്തമ്മ അവരുടെ നേതൃത്വവും വഹിച്ചിരുന്നു. വിശുദ്ധിയുടെ കാരിസം സ്വന്തമാക്കി, കുടുംബത്തിൽ വിശുദ്ധി ജീവിച്ച്, മറ്റുള്ളവരെ ആ കുടുംബവിശുദ്ധിയിലേക്കു നയിക്കുന്ന പ്രേഷിതത്വം നിർവഹിച്ച് ഇൻസ്റ്റിറ്റ്യൂട്ടിനോടും ഇടവകയോടും സഭയോടുമുള്ള തന്റെ ദൗത്യം ഇത്തമ്മ നന്നായി നിർവഹിച്ചിരുന്നു. കോ-ഓപ്പറേറ്റീവ്സിന്റെ എല്ലാ മാസത്തെയും മീറ്റിംഗുകളിലും പ്രാർത്ഥനകളിലും സജീവമായിരുന്ന ഇത്തമ്മ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റെല്ലാ പ്രവർത്തനങ്ങളിലും പങ്കെടുക്കുകയും അതിനായി മറ്റെല്ലാ കോ-ഓപ്പറേറ്റീവ്സിനെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

വൈദികരോടും സമർപ്പിതരോടും പ്രത്യേക സ്നേഹവും താല്പര്യവും ആദരവും പുലർത്തിയിരുന്ന ഇത്തമ്മ അവരെ സൽക്കരിക്കുന്നതിൽ അതീവ തല്പരയുമായിരുന്നു. ഇത്തമ്മ തന്റെ ദിവസം ആരംഭിച്ചിരുന്നത് പരിശുദ്ധ കുർബാനയോടുകൂടിയാണ്.

നല്ല ആരോഗ്യാവസ്ഥയിലെന്നതുപോലെതന്നെ രോഗാവസ്ഥയിലും കൂദാശകൾ -കുമ്പസാരം, പരി. കുർബാന- സ്വീകരിക്കുന്നതിൽ ഇത്തമ്മ ശ്രദ്ധാലുവായിരുന്നു. രോഗാവസ്ഥയിലായിരുന്നപ്പോഴും എല്ലാ ബുധനാഴ്ചയും എലിക്കുളത്തെ അപ്പസ്തോലിക് ഒബ്ലേറ്റിന്റെ ബഥനിയിലെ ചാപ്പലിൽ പരിശുദ്ധ കുർബാനയിൽ പങ്കുചേരാനായി വന്നിരുന്നതും പ്രത്യേകം സ്മരിക്കുന്നു. വേദനകൾ സ്വീകരിക്കാനുള്ള കൃപകൾ പരി. കുർബാനയിൽനിന്നും പ്രാർത്ഥനകളിൽനിന്നും ലഭിച്ചിരുന്നതായാണ് ഇത്തമ്മ സാക്ഷ്യപ്പെടുത്തിയത്. രോഗം മൂർച്ഛിച്ച സാഹചര്യത്തിൽ രോഗീലേപനം ആഗ്രഹിച്ച് ആവശ്യപ്പെട്ടു സ്വീകരിക്കാനും ഇത്തമ്മയ്ക്കു സാധിച്ചു.

രോഗാവസ്ഥയിലായിരുന്ന സന്ദർഭങ്ങളിൽ സന്ദർശിക്കാൻ ചെല്ലുമ്പോൾ, "ദൈവം എന്നെ ഏല്പിച്ച ഉത്തരവാദിത്വങ്ങളൊക്കെ ഞാൻ ചെയ്തു; ദൈവം എനിക്ക് ഒത്തിരി അനുഗ്രഹങ്ങൾ നല്കി; അതിനെല്ലാം എനിക്കു നന്ദിമാത്രമേ പറയാനുള്ളൂ; ഇനി എനിക്കുവേണ്ടി പ്രാർത്ഥിച്ച് എന്നെ ഒരുക്കി വിടുക; ഈശോയുടെ ഇഷ്ടം നിറവേറട്ടെ; എനിക്ക് എന്റെ ഈശോയെ കാണണം" എന്നൊക്കെ പങ്കുവച്ചിരുന്നത് ഇത്തമ്മയുടെ ആഴമേറിയ വിശ്വാസത്തെയാണ് വെളിവാക്കുന്നത്.

വിൻസെന്റ് ഡി പോളിന്റെ സജീവപ്രവർത്തകയായിരുന്ന ഇത്തമ്മ വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ ദിനമായ സെപ്റ്റംബർ 27-ാം തീയതി തന്നെയാണ് സ്വർഗീയപിതാവിന്റെ സന്നിധിയിലേക്ക് യാത്രയായത്. മാതൃകാപരമായ കുടുംബജീവിതം നയിച്ചും, ഭർത്താവിനെയും മക്കളെയും സ്നേഹിച്ചും ശുശ്രൂഷിച്ചും, കോ ഓപ്പറേറ്റീവ് എന്ന നിലയിൽ അപ്പസ്തോലിക് ഒബ്ലേറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടിലും സഭയിലും തന്റെ പ്രേഷിതത്വം നന്നായി നിർവഹിച്ചും, "ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു" (2 തിമോ 4,7) എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ അന്വർത്ഥമാക്കിക്കൊണ്ട് ഇത്തമ്മ ഈലോകജീവിതയാത്ര പൂർത്തിയാക്കി.

കടമകളെല്ലാം നന്നായി നിർവഹിച്ച്, പ്രാർത്ഥിച്ചൊരുങ്ങി, ദൈവതിരുമുമ്പിൽ എന്നേക്കുമായിരിക്കാൻ ഈ ഭൂമിയിൽനിന്നും യാത്രയായ ഇത്തമ്മ സ്വർഗത്തിൽ നമുക്കായി മാദ്ധ്യസ്ഥ്യം വഹിക്കട്ടെ.



# ഏലീഷാ

**ഷിജി പറപ്പള്ളിയാത്ത്**

**ബാ**ൽ-അഷേരാ പ്രവാചകരെ കാർമൽ മലയിൽവച്ചു പരാജയപ്പെടുത്തി വധിച്ചശേഷം ജസെബെൽ രാജ്ഞിയിൽനിന്ന് ജീവരക്ഷാർത്ഥം പലായനം ചെയ്ത് ഹോറെബിലെ മലമുകളിലെത്തിയ ഏലിയാ പ്രവാചകന് തന്റെ പിൻഗാമിയെപ്പറ്റി അരുളപ്പാടു ലഭിച്ചു. ആബെമെഹോലായിലെ ഷാഫാത്തിന്റെ മകൻ ഏലീഷാ തന്റെ പിൻഗാമിയായി അഭിഷേകം ചെയ്യപ്പെടുമെന്നായിരുന്നു അത്. അങ്ങനെ പന്ത്രണ്ട് ഏർ കാള ഉഴുതുകൊണ്ടിരുന്ന സ്ഥലത്ത് പന്ത്രണ്ടാം നിരയിലായിരുന്ന ഏലീഷായുടെമേൽ തന്റെ മേലങ്കി ഇട്ട് ഏലിയാ ക്ഷണിക്കുന്നു: "ഉടനെ അവൻ കാളകളെ വിട്ട് ഏലിയായുടെ പിന്നാലെ ഓടിച്ചെന്നു പറഞ്ഞു: മാതാപിതാക്കന്മാരെ ചുംബിച്ച് യാത്ര പറഞ്ഞിട്ട് ഞാൻ അങ്ങയെ അനുഗമിക്കാം. ഏലിയാ പറഞ്ഞു: പൊയ്ക്കൊള്ളൂ; ഞാൻ നിന്നോട് എന്തു ചെയ്തു? അവൻ മടങ്ങിച്ചെന്ന് ഒരേർ കാളയെ കൊന്ന് കലപ്പ കത്തിച്ച് മാംസം വേവിച്ച് ജനത്തിനു കൊടുത്തു. അവർ ഭക്ഷിച്ചു. ഏലീഷാ ഏലിയായെ അനുഗമിച്ച് അവന്റെ ശുശ്രൂഷകനായിത്തീർന്നു" (1 രാജാ 19,20-21). കുളിച്ചൊരുങ്ങി കാത്തിരുന്നവനെയല്ല, അദ്ധ്വാനത്തിന്റെ വിയർപ്പൊഴുക്കിയവനെയാണ് ദൈവം കുപ്പായം അണിയിക്കുന്നത്. ജീവിതവലയിലൊഴുക്കിയ വിയർപ്പുതുള്ളികൾ കാണുന്ന ദൈവം! ദൈവശുശ്രൂഷയ്ക്കുള്ള സഞ്ചാരത്തിൽ, തന്റെ ജീവിതമാർഗമായിരുന്ന കാളകളെയും കലപ്പയെയും മറുചോദ്യമില്ലാതെ ഉപേക്ഷിച്ചവൻ.... ഏലീഷാ എന്ന മനുഷ്യന് പ്രവാചകനിലേയ്ക്കുള്ള വിളി ഇപ്രകാരമായിരുന്നു.

ഏലിയാ പ്രവാചകൻ ഒരു ചുഴലിക്കാറ്റിൽ സ്വർഗത്തിലേക്ക് ഉയർന്നതോടെ അദ്ദേഹത്തിന്റെ ആത്മാവിന്റെ ഇരട്ടിപ്പങ്കു ചോദിച്ചുവാങ്ങി ആവേശത്തോടെ തന്റെ പ്രവാചകദൗത്യത്തിലേക്ക് ഏലീഷാ കടന്നു. ഒരു പ്രവാചകൻ എന്നതിനേക്കാൾ നല്ലൊരു പ്രസംഗകനും അദ്ധ്യാപകനും നല്ല പെരുമാറ്റത്തിലൂടെ ശ്രദ്ധ ആകർഷിച്ചവനുമാണ് ഏലീഷാ. ആറ് രാജസദസ്സുകളിൽ ദൈവത്തിന്റെ പ്രവാചകനായി അവൻ ബഹുമാനിക്കപ്പെട്ടിരുന്നു. അവരിൽ മൂന്നുപേർ അദ്ദേഹത്തെ ഉത്തമസുഹൃത്തായി പരിഗണിച്ചിരുന്നു. ഇസ്രായേലിലെ പല രാജാക്കന്മാരും അദ്ദേഹത്തിന്റെ ഉപദേശവും ആശീർവാദവും തേടിയെത്തിയിരുന്നു. യൂദാരാജാവായ യഹോഷാഫാത്ത് പ്രവാചകനെക്കുറിച്ചു പറയുന്നതിപ്രകാരമാണ്: 'ആയിരം പടത്തലവന്മാരേക്കാൾ വിലപ്പെട്ടവനായിരുന്നു ഏലീഷാ'. നിഷ്ഠൂരനെ നിർഭയം തിരുത്തുന്നവനും ആർക്കും കീഴടക്കാൻ കഴിയാത്തവിധം ശക്തനുമായിരുന്നു പ്രവാചകൻ. ഒന്നും അദ്ദേഹത്തിനു ദുഃസഹമായിരുന്നില്ല. ജീവിച്ചിരുന്നപ്പോൾ എന്നപോലെ മരണശേഷവും അദ്ദേഹം അത്ഭുതങ്ങൾ പ്രവർത്തിച്ചു.

തന്റെമേൽ വീണുകിട്ടിയ മേലങ്കി ജോർദ്ദാനിലെ വെള്ളത്തിലടിച്ച് നദിയെ വിഭജിച്ചുകൊണ്ട് തന്റെ ദൗത്യങ്ങൾക്ക് പ്രവാചകൻ തുടക്കം കുറിക്കുന്നു. ജറീക്കോയിലെ പ്രവാചകരും നഗരവാസികളും ഏലീഷായെ പ്രവാചകനായി അംഗീകരിച്ചു. നഗരവാസികൾ അദ്ദേഹത്തോടു പറഞ്ഞു: ഈ പട്ടണം ജീവിക്കാൻ പറ്റിയതാണ്. എന്നാൽ ജലം മലിനവും നാട് ഫലശൂന്യവുമാണ്. അവർക്കുവേണ്ടി ഉറവയ്ക്കു സമീപം ചെന്ന് ജലം ശുദ്ധീകരിച്ച് നാടിനെ അനുഗ്രഹിക്കുന്ന പ്രവാചകൻ! ദൈവത്തിന്റെ കാരുണ്യമുള്ള സാന്നിദ്ധ്യമാണ് ഏലീഷാ ഇവിടെ നല്കുക. ജറീക്കോയിൽനിന്ന് ബഥേലിലേയ്ക്കുള്ള യാത്രാമദ്ധ്യേ തിന്മയുടെമേൽ നിർഭയം പ്രതികരിക്കുന്നതും കാണാം. കടം കൊടുത്തു തീർക്കുവാൻ കഴിയാത്തതിനാൽ തന്റെ രണ്ടു മക്കളെയും അടിമകളായി നല്കേണ്ടി വരുമായിരുന്ന, സമ്പാദ്യം ഒന്നുംതന്നെയില്ലാത്ത വിധവയുടെ ഭരണിയിൽ മതിയാവോളം എണ്ണ നിറയ്ക്കുന്നതും വന്ധ്യയായിരുന്ന

ഷൂനേംകാരിക്ക് മകനെ നല്കുന്നതും ഏക മകൻ മരണപ്പെടുമ്പോൾ അവന് പുനർജീവൻ നല്കുന്നതും പ്രവാചകന്റെ കരുതലുള്ള സ്നേഹത്തിന്റെ പ്രകാശനമാണ്. ഏലീഷായുടെ സഞ്ചാരവഴിയിൽ അവനിലെ ദൈവികസാന്നിദ്ധ്യം മനസ്സിലാക്കി തന്റെ വീടിന്റെ മട്ടുപ്പാവിൽ പ്രവാചകനുവേണ്ടി മുറിയുണ്ടാക്കി, മേശയും കസേരയും വിളക്കുമൊരുക്കുന്ന ഷൂനേംകാരിയുടെ പ്രവൃത്തി വിസ്മരിക്കാനാവില്ല. നമ്മുടെയൊക്കെ ജീവിതയാത്രയ്ക്കിടയിൽ മറ്റുള്ളവർക്കു ദൈവികസാന്നിദ്ധ്യം പകരുന്നുണ്ടോ? അപരനിലെ ദൈവികസാന്നിദ്ധ്യം തിരിച്ചറിയാൻ കഴിയുന്നവരാണോ നാം? അറിഞ്ഞാൽത്തന്നെ അറിയാത്ത ഭാവം നടിക്കുന്നവരാണോ നാം? ഗിൽഗാലിൽ വിഷം കലർന്ന അവിയൽ ഭക്ഷ്യയോഗ്യമാക്കുന്നതിലൂടെയും ബാൽഷാലിഷായിൽവച്ച് അപ്പം വർദ്ധിപ്പിക്കുന്നതിലൂടെയും, ജനത്തിന്റെ നിസ്സാരതയിലും ബലഹീനതയിലും കൈത്താങ്ങാകുന്ന പ്രവാചകനെ ദർശിക്കാനാകും.

സിറിയാരാജാവിന്റെ സൈന്യാധിപനായ നാമാന്റെ കുഷ്ഠം മാറുന്നതിന് അയാൾ ഏലീഷാ പ്രവാചകനെ സമീപിക്കുമ്പോൾ അദ്ദേഹം പറയുന്നു: "നീ ജോർദ്ദാനിൽ പോയി ഏഴു പ്രാവശ്യം കുളിക്കുക: നീ ശുദ്ധനായി ശരീരം പൂർവസ്ഥിതിയെ പ്രാപിക്കും" (2 രാജാ 5,10). പ്രവാചകൻ തന്നെ കൈനീട്ടി സുഖപ്പെടുത്തുമെന്നു കരുതിയ നാമാൻ കുപിതനായി മടങ്ങിപ്പോയി. കുഷ്ഠം മാറാൻ ജോർദ്ദാൻ നദിയിൽ മുങ്ങണമെന്നു പറഞ്ഞത് സൈന്യാധിപന് തൃപ്തിയായില്ല. ജോർദ്ദാൻ നദിയേക്കാൾ ശ്രേഷ്ഠമല്ലേ ദമാസ്കസിലെ നദികളായ അബാനായും ഫാർപാറും...? (2 രാജാ 5,12). കൂടുതൽ വ്രണം മൂടിയ ശരീരവും പകയും ദുഃഖവും നിറഞ്ഞ ഹൃദയവുമായി തന്റെ രഥം തിരിച്ച നാമാനെ ഭൃത്യന്മാരുടെ അപേക്ഷകൾ പിന്തിരിപ്പിക്കുന്നു. പ്രവാചകന്റെ നിസ്സാരമായ ആവശ്യം ഒരു വീണ്ടുവിചാരത്തോടെ നിർവഹിക്കാൻ നാമാൻ തയ്യാറാകുന്നു. ജോർദ്ദാൻനദിയിൽ ഏഴാവർത്തി മുങ്ങിപ്പൊങ്ങിയപ്പോൾ അവൻ ശുദ്ധനായി; ശിശുവിനുതുല്യം! ശിശുതുല്യനാകാൻ വെറുമൊരു കുളി മതിയെന്നത് ദൈവസ്വരത്തിലടങ്ങിയിരിക്കുന്ന ഒരു വെല്ലുവിളിയാണ്. ലാളിത്യമാർന്ന ഹൃദയവിശാലതയോടെമാത്രമേ നമുക്കാ കുളി നടത്താനാവൂ. തന്റെ സൗഖ്യതീർത്ഥം കണ്ടെത്താൻ സിറിയാസൈന്യാധിപന് ജോർദ്ദാൻ നദിയിലേക്ക് സഞ്ചരിക്കേണ്ടിവന്നു. നമ്മുടെ സൗഖ്യസഞ്ചാരം എവിടേക്ക്...? ഒരു വീണ്ടുവിചാരത്തോടെ താഴ്മയുടെ തലം തേടാൻ സാധിക്കുമെന്നാണ് നാമാന്റെ പക്ഷം. കുഷ്ഠം ബാധിച്ച മേഖലകൾ നമ്മിലും കണ്ടെന്നിരിക്കും; ചിന്തകളിൽ, സംസാരത്തിൽ, പ്രവൃത്തികളിൽ, സ്വഭാവരീതികളിൽ, ജീവിതചുറ്റുപാടുകളിൽ...! താലോലിച്ചു സംരക്ഷിക്കുന്ന വ്യക്തിത്വങ്ങളിൽ നിറഞ്ഞുനില്ക്കുന്ന കുഷ്ഠം തിരിച്ചറിയുന്നതും ചെറിയ ചെറിയ കുളിച്ചുകയറ്റങ്ങൾ നടത്തുന്നതും ആത്മസൗന്ദര്യത്തിന് വിലപ്പെട്ടതാണ്. അപരനിൽ കുഷ്ഠമുണ്ടെന്നു പറയുവാൻ നാം മടിക്കില്ല; എന്നാൽ അവനവനിലെ കുഷ്ഠം കണ്ടെത്തിയില്ലെങ്കിൽ അതു മഹാകുഷ്ഠംതന്നെയാണ്. സൗന്ദര്യ-സുഗന്ധക്കൂട്ടിട്ട് കുഷ്ഠം മറച്ച് സ്വന്തം രോഗം മറ്റുള്ളവരെയറിയിക്കാതെ കടന്നുപോകുന്നതും ഇന്നിന്റെ ലോകത്തിന്റെ പ്രത്യേകതയാണെന്നതു കണ്ണുതുറപ്പിക്കേണ്ടതാണ്.

സൈന്യാധിപന്റെ സമ്മാനങ്ങൾ നിരസിക്കുന്ന ഏലീഷാപ്രവാചകന്റെ മുന്നിൽ ദൈവാശ്രയത്വത്തിന്റെ ഉജ്ജ്വല വിശ്വാസം നാമാൻ ഏറ്റുപറയുന്നു: "ഇനിമേൽ കർത്താവിനല്ലാതെ മറ്റൊരു ദൈവത്തിനും അങ്ങയുടെ ദാസൻ ദഹനബലിയോ കാഴ്ചയോ അർപ്പിക്കുകയില്ല" (2 രാജാ 5,17). ദൈവികസ്പർശമുള്ള മണ്ണിൽ നാമാൻ ബലിപീഠം നിർമ്മിക്കാൻ ഇടം തേടുന്നു.

തന്റെ ഭൃത്യനായ ഗഹസി അർഹിക്കാത്തതു നേടിയെടുത്തപ്പോൾ ശിക്ഷണമെന്നവണ്ണം കുഷ്ഠം വരുത്തുന്നതും പ്രവാചകന്റെ ദൗത്യത്തിന്റെ ആധികാരികത പ്രകടമാക്കുന്നു. മറ്റൊരവസരത്തിൽ പ്രവാചകഗണം തങ്ങൾക്കു പാർപ്പിടമൊരുക്കുന്ന വേളയിൽ ജോർദ്ദാൻ നദിക്കരയിലെ മരം മുറിക്കുമ്പോൾ ഒരാളുടെ കോടാലി നദിയിൽ പതിച്ചു. ഏലീഷാ അത് അത്ഭുതകരമായി വെള്ളത്തിൽനിന്നു പൊക്കിയെടുത്ത് തിരികെ നല്കി. കൈമോശം വരുന്നത് തിരികെ നല്കുന്ന ദൈവസാന്നിധ്യം! അരൂപിയുടെ നിറവുള്ള ജീവിതമുണ്ടെങ്കിൽ അസാധ്യതകളിൽ സാധ്യത നിറയ്ക്കുന്ന ദൈവം കൂടെയുണ്ടാകും. ദൈവികത നിറഞ്ഞുനിന്ന ഒരു ദീപസ്തംഭമായിരുന്നു ഏലീഷാ പ്രവാചകൻ.

അതുപോലെ അന്ധകാരം നിറഞ്ഞ കാലഘട്ടത്തിൽ ദൈവകോപമുണ്ടായപ്പോൾ സത്യത്തിനും നീതിക്കുംവേണ്ടി നിലകൊണ്ട ദൈവപുരുഷൻ! രാജാക്കന്മാരെപോലും തിരുത്തുകയും വളർത്തുകയും ചെയ്തവൻ! പ്രവാചകന്റെ മുന്നറിയിപ്പു കേട്ട് പ്രവർത്തിക്കുന്ന ഇസ്രായേൽരാജാവിനോടു പരാജിതനായ സിറിയാ രാജാവ് പ്രവാചകനെതിരേ രഥങ്ങളും കുതിരകളും സൈന്യവുമായി നഗരം വളഞ്ഞു. പ്രവാചകന്റെ ദാസൻ അതുകണ്ടു നിലവിളിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു: അവരെക്കാൾ കൂടുതൽ ആളുകൾ നമ്മുടെകൂടെയുണ്ട്. തുടർന്നു പ്രവാചകൻ പ്രാർത്ഥിച്ചു: "കർത്താവേ ഇവന്റെ കണ്ണുകൾ തുറക്കണമേ! ഇവൻ കാണട്ടെ! കർത്താവ് അവന്റെ കണ്ണുകൾ തുറന്നു. ഏലീഷായ്ക്കു ചുറ്റും മലകളും ആഗ്നേയരഥങ്ങളും കുതിരകളുംകൊണ്ടു നിറഞ്ഞിരിക്കുന്നത് അവൻ കണ്ടു" (2 രാജാ 6,17). സിറിയാക്കാർ തനിക്കെതിരെ വന്നപ്പോൾ അവരുടെ കണ്ണുകളെ അന്ധമാക്കണമേ എന്ന് പ്രവാചകൻ പ്രാർത്ഥിച്ചു. അങ്ങനെ സിറിയാസൈന്യം അന്ധരായി തപ്പിത്തടഞ്ഞു. നഗരത്തിലെത്തിയ അവർക്ക് പ്രവാചകന്റെ നിർദ്ദേശപ്രകാരം ഇസ്രായേൽ രാജാവ് വിരുന്നൊരുക്കി വിട്ടയച്ചു. പിന്നീട് ഇസ്രായേൽദേശം ആക്രമിക്കാൻ അവർ മുതിർന്നില്ല. തിരുത്താനും ചേർത്തുപിടിക്കാനുമുള്ള വ്യക്തിവൈഭവത്തിന്റെ ഉടമയായിരുന്നു ഏലീഷാ. ശത്രുവിനു വിരുന്നൊരുക്കി വിട്ടയച്ചപ്പോൾ കാരുണ്യത്തിന്റെ തുറമുഖമാണ് അവർക്കു വെളിപ്പെടുന്നത്. അകക്കണ്ണു തുറക്കേണ്ടിടത്തു തുറക്കുവാൻ ദൈവകൃപയുടെ താക്കോൽവേണം.

ദാരിദ്ര്യവും പട്ടിണിയുംമൂലം ക്ലേശിച്ചിരുന്ന ഇസ്രായേൽക്കാർ, മക്കളെപ്പോലും കൊന്നുഭക്ഷിക്കാൻ തുടങ്ങി. കർത്താവിന്റെ കോപംമൂലമാണ് ദുരിതം സംഭവിച്ചതെന്നു പഴിച്ചുകൊണ്ട് "കർത്താവിന്റെ സഹായം എന്തിനു കാത്തിരിക്കണം" എന്നു പുലമ്പിക്കൊണ്ടു നടക്കുകയും തന്നെ വധിക്കാൻ തക്കം നോക്കുകയും ചെയ്ത ഇസ്രായേൽ രാജാവിനെ പ്രവാചകൻ സാന്ത്വനപ്പെടുത്തി സംരക്ഷിച്ചത് വിസ്മയകരമായ മാർഗത്തിലൂടെയാണ്. ദൈവപരിപാലനയുടെ വലിയ അനുഭവം പ്രവാചകൻ അവർക്കു നല്കി. തന്റെ ജനത്തിന്റെ ദുരിതത്തിൽ വിലപിച്ച രാജാവിന്റെ വികാരങ്ങൾ പ്രവാചകൻ മുഖവിലയ്ക്കെടുക്കുന്നു. ഒട്ടുംതന്നെ പരിഭവമില്ലാതെ അവനോട് അദ്ദേഹം പ്രതികരിക്കുന്നു. രഥങ്ങളും കുതിരകളുമടങ്ങിയ ഒരു വലിയ സൈന്യത്തിന്റെ ആരവം ശത്രുക്കളായ സിറിയാസൈന്യത്തെ കേൾപ്പിച്ചുകൊണ്ട് അവരെ അവിടെനിന്നു തുരത്തി. അതിനുശേഷം അവർ ഉപേക്ഷിച്ചുപോയ പാളയത്തിൽ കടന്ന് ഇസ്രായേൽ രാജാവും ജനവും കൊള്ളയടിച്ചു. തങ്ങളെ കൈക്കുമ്പിളിൽ കരുതുന്ന ദൈവത്തെയാണ് ഇസ്രായേൽക്കാർ കണ്ടത്. അതിനു നിമിത്തമായ ഒരു പ്രവാചകസാന്നിദ്ധ്യമായിരുന്നു ഏലീഷാ. ദൈവാരൂപിയുടെ നിറവിലും തികവിലും ജീവിച്ച ഒരു മനുഷ്യനായിരുന്നു അദ്ദേഹം എന്നതിന് സംശയമില്ല (2 രാജാ 6,24-7,19).

രോഗഗ്രസ്തനായി കിടക്കുമ്പോഴും കരഞ്ഞുകൊണ്ട് തന്റെ പക്കൽ വന്ന ഇസ്രായേൽ രാജാവിനെ നിരാശപ്പെടുത്താതെ പ്രവാചകൻ സംരക്ഷിക്കുന്നു. അനുഗ്രഹമായി ഏലിയാ പ്രവാചകനിൽനിന്നു ചോദിച്ചുവാങ്ങിയ "ആത്മാവിന്റെ ഇരട്ടിപ്പങ്ക്" ജീവിതാവസാനംവരെ ജ്വലിപ്പിച്ചവൻ. മരിച്ചിട്ടും അദ്ദേഹം അത്ഭുതം പ്രവർത്തിച്ചു എന്നത്രേ പറയപ്പെടുക. കാരണം അദ്ദേഹത്തെ സംസ്കരിച്ച കല്ലറയിലേക്ക് എറിയപ്പെട്ട ഒരുവന്റെ ജഡം ജീവൻ പ്രാപിച്ച് എഴുന്നേറ്റു നിന്നു (2 രാജാ 13,21). മരിച്ചിട്ടും ജീവിക്കുന്നവരുടെ പട്ടികയിൽ ഇടംപിടിക്കാൻ കരുത്തുള്ള അരൂപിയുടെ സാന്നിധ്യം നമ്മെയും പ്രചോദിപ്പിക്കട്ടെ.

**ഏലീഷാ പ്രവാചകൻ നല്കുന്ന പാഠങ്ങൾ**

- **❖സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളുക.**
- **❖ദൈവാരൂപിയുടെ ഹിതത്തിനു കീഴ്വഴങ്ങുക.**
- **❖ദൈവവുമായി ഉറ്റബന്ധം സ്ഥാപിച്ചെടുക്കുക.**
- **❖സഹജീവികളോട് കരുണയും സ്നേഹവും പുലർത്തുക.**
- **❖അസാധ്യതകളിൽ സാധ്യതകൾ നല്കുന്ന ദൈവത്തിൽ ആശ്രയിക്കുക.**
- **❖മനുഷ്യർക്കുവേണ്ടി ദൈവത്തിന്റേതായി ജീവിക്കുക.**

# സെനക്കിൾ തരംഗം

## സന്ദേശം

പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിന് ആരംഭം കുറിക്കുന്ന മംഗളവാർത്തക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ഡിസംബർ 25-ാം തീയതി ആഘോഷിക്കുന്ന ഈശോയുടെ തിരുപ്പിറവിയെ കേന്ദ്രമാക്കിയുള്ള ഈ കാലഘട്ടത്തിൽ പരിശുദ്ധ കന്യകാമറിയത്തിനു ലഭിച്ച മംഗളകരമായ വാർത്തയാണ് നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നത്. രക്ഷകനെ പ്രതീക്ഷിച്ചിരുന്ന മാനവവംശത്തിന് നല്കപ്പെട്ട ആ വാർത്ത ദൈവപുത്രനും പരിശുദ്ധനുമായ മിശിഹായുടെ ജനനവാർത്തയാണ്. ദൈവപുത്രത്വത്തിലേക്കും പരിശുദ്ധിയിലേക്കുമുള്ള വിളി സഭാസമൂഹത്തിന്റെ അടിസ്ഥാനപരമായ വിളിയാണ്. ഈ വിളിയെക്കുറിച്ചുള്ള അവബോധത്തോടെ ജീവിക്കുവാൻ സഭാംഗങ്ങളെ സഹായിച്ചുകൊണ്ട് അജപാലനശുശ്രൂഷയിൽ ഏർപ്പെടുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. സ്നേഹാശംസകളോടെ,

മല്പാൻ മാത്യുവെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

2024 നവംബർ 3 മുതൽ 9 വരെ അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ മേജർ ഫാദർ ഡോൺ തർച്ചീസിയോയും, അഡ്മിനിസ്ട്രേറ്റർ ഡോൺ മാരിയോയും, സെക്രട്ടറി ഫാദർ റോബി ആലഞ്ചേരിയും കോട്ടയം സ്പിരിച്ച്വാലിറ്റി സെന്ററിൽ വച്ച് ജനറൽ കൗൺസിൽ മീറ്റിംഗ് നടത്തി. ജനറൽ കൗൺസിൽ അംഗമെന്ന നിലയിൽ ബഹു. മല്പാൻ മാത്യു വെള്ളാനിക്കലും കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു. നവംബർ 6-7 തീയതികളിൽ സെനക്കിൾ വൈദികർ അവരുമായി ചേർന്ന് പ്രാർത്ഥനയും ബലിയർപ്പണവും പങ്കുവയ്ക്കലും നടത്തി. നവംബർ 9-ാം തീയതി റോമിൽനിന്നു വന്നവർ തിരിച്ച് റോമിലേക്കു യാത്രയായി.



# വഴിയൊന്നു മാറി പിടിച്ചാലോ...

ഡോളി കണ്ടച്ചാലിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"ഉഷസ്സിന്റെ ഉദരത്തിൽനിന്നു മഞ്ഞെന്നപോലെ യുവാക്കൾ നിന്റെ അടുത്തേക്കുവരും" (സങ്കീ 110,3b). അവരെ തടയാൻ ആർക്കും സാധ്യമല്ല, കാരണം അവർ കർത്താവിനാൽ ആകർഷിക്കപ്പെട്ടവരാണ്.

ഒരു ചെറിയ കഥ പറഞ്ഞു തുടങ്ങാം. ഒരിടത്ത് നാല് യുവാക്കൾ ഉണ്ടായിരുന്നു. അവരിൽ മൂന്നു പേർ അതീവ ബുദ്ധിമാന്മാരാണ്. നാലാമത്തെ ആൾക്ക് വലിയ ബുദ്ധിയൊന്നുമില്ല എന്നാണ് അവരുടെ ധാരണ. എങ്കിലും മൂന്നുപേരും ഈ കൂട്ടുകാരനെ എവിടെ പോയാലും കൂടെകൂട്ടും. ഇവരുടെ ബുദ്ധിവൈഭവം എല്ലാവരെയും അതിശയിപ്പിച്ചിരുന്നു. ഒരിക്കൽ രാജസദസ്സിൽ ഇവരുടെ ബുദ്ധിസാമർത്ഥ്യം തെളിയിക്കാൻ അവസരം ലഭിച്ചു. കൂട്ടുകാർ നാലുപേരും കൂടി രാജാവിന്റെ ക്ഷണം സ്വീകരിച്ച് സന്തോഷപൂർവ്വം രാജകൊട്ടാരത്തിലേക്ക് യാത്രതിരിച്ചു. വലിയൊരു വനത്തിലൂടെവേണം യാത്ര ചെയ്യാൻ. വനത്തിന്റെ നടുവിൽ എത്തിയപ്പോൾ ഒരാൾ പറഞ്ഞു. നമ്മുടെ ബുദ്ധി തെളിയിക്കാൻ രാജകൊട്ടാരത്തിലേക്ക് പോകുകയല്ലേ. ഒന്നു പ്രാക്റ്റീസ് ചെയ്താലോ. ഒന്നാമത്തെ ആൾ പറഞ്ഞു: ഇതാ, ഒരു മൃഗത്തിന്റെ അസ്ഥി. ഞാൻ അത് കൂട്ടിച്ചേർക്കാം. രണ്ടാമത്തെ ആൾ പറഞ്ഞു: ഞാൻ അതിനു മജ്ജയും മാംസവും നൽകാം. മൂന്നാമത്തെ ആൾ പറഞ്ഞു: ഞാൻ അതിനു ജീവൻ നൽകാം. ഇതു കണ്ട് നാലാമത്തെ ആൾ പറഞ്ഞു: പാടില്ല, കാരണം അത് വലിയ ഒരു ജീവിയായിരിക്കാം. അത് നമ്മെ ആക്രമിച്ച് കീഴടക്കിയേക്കാം. ഇതുകേട്ട് മറ്റു മൂന്നുപേർ ചിരിച്ചുകൊണ്ടുപറഞ്ഞു: നിനക്ക് വലിയ ബുദ്ധിയൊന്നുമില്ലല്ലോ. അപ്പോൾ അയാൾ പറഞ്ഞു: എങ്കിൽ ശരി, ആ കാണുന്ന വലിയ മരത്തിൽ ഓടികയറാൻ എനിക്കു സമയം തരണം. അവർ സമ്മതിച്ചു. അവർ അസ്ഥികൾ കൂട്ടിച്ചേർത്ത്, മജ്ജയും മാംസവും നൽകി, ജീവൻ കൊടുത്ത മൃഗം ഒരു സിംഹമായിരുന്നു. ഉടൻതന്നെ അത് മൂന്നുപേരുടെയുംമേൽ ചാടിവീണ് അവരെ വകവരുത്തി. ബുദ്ധിവൈഭവം തെളിയിക്കാൻ രാജകൊട്ടാരത്തിൽ പ്രവേശിക്കാൻ ഭാഗ്യം ലഭിച്ചത് ഭോഷനെന്നുപറഞ്ഞു മാറ്റിനിർത്തിയ വ്യക്തിയ്ക്കു മാത്രമാണ്.

ജ്ഞാനവും വിവേകവും ഇല്ലാത്ത ബുദ്ധിമാൻ ഭോഷനു തുല്യനാണ്. ഇതു മനസ്സിലാക്കിയ വ്യക്തിയാണ് സോളമൻരാജാവ്. രാജ്യഭരണം ഏറ്റെടുത്തപ്പോൾ "അവിടെവച്ചു രാത്രി കർത്താവു സോളമനു സ്വപ്നത്തിൽ പ്രത്യക്ഷനായി. ദൈവം അവനോട് അരുളിച്ചെയ്തു: നിനക്ക് എന്തുവേണമെന്നു പറഞ്ഞുകൊള്ളുക. അവൻ പറഞ്ഞു: ഈ മഹാജനത്തെ ഭരിക്കാൻ ആർക്കു കഴിയും? ആകയാൽ, നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കാൻ

പോരുന്ന വിവേകം ഈ ദാസനു നൽകിയാലും. സോളമന്റെ ഈ അപേക്ഷ കർത്താവിനു പ്രീതികരമായി. അവിടുന്ന് അവനോട് അരുളിച്ചെയ്തു: നീ ദീർഘായുസ്സോ സമ്പത്തോ ശത്രു സംഹാരമോ ആവശ്യപ്പെടാതെ, നീതിനിർവഹണത്തിനുവേണ്ട വിവേകം മാത്രമാണ് ആവശ്യപ്പെട്ടത്. നിന്റെ അപേക്ഷ ഞാൻ സ്വീകരിച്ചിരിക്കുന്നു. ജ്ഞാനവും വിവേകവും ഞാൻ നിനക്കു തരുന്നു. ഇക്കാര്യത്തിൽ നിനക്കു തുല്യനായി ആരും ഉണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയുമില്ല. മാത്രമല്ല, നീ ചോദിക്കാത്തവകൂടി ഞാൻ നിനക്കു തരുന്നു. നിന്റെ ജീവിതകാലം മുഴുവൻ സമ്പത്തും മഹത്ത്വവും മറ്റൊരു രാജാവിനും ഇല്ലാത്തവിധം നിനക്കുണ്ടായിരിക്കും" (1 രാജാ 3,10-13).

ഇതു ക്രിസ്തുമസ് കാലമാണല്ലോ. ഹൃദയത്തിൽ ഒരു പിടി നന്മ സൂക്ഷിച്ചിരുന്ന ആട്ടിടയന്മാർക്കും പൗരസ്ത്യദേശത്തുനിന്നു ബദ്ധപ്പെട്ടു വന്ന ജ്ഞാനികൾക്കും രക്ഷകനായ ഈശോയെ ആദ്യം കാണാൻ ഭാഗ്യം ലഭിച്ചു. വഴികാട്ടിയായ നക്ഷത്രസാന്നിധ്യം ഒരു വേള ജ്ഞാനികൾക്ക് നഷ്ടമാകുന്നുണ്ട്. അതു തിന്മയുടെ ഇരുളിൽ കഴിയുന്ന ഹേറോദേസിന്റെ കൊട്ടാരമുറ്റത്തു പ്രവേശിച്ചപ്പോഴാണ്. അവിടെ ലഭിച്ച സൗകര്യങ്ങളിൽ മുഴുകിപോയ അവരെ ബേത്‌ലെഹേമിലേക്ക് അയച്ചുകൊണ്ടു രാജാവു പറഞ്ഞു: 'പോയി ശിശുവിനെപ്പറ്റി സൂക്ഷ്മമായി അന്വേഷിക്കുക; അവനെ കണ്ടുകഴിയുമ്പോൾ ഞാനും ചെന്ന് ആരാധിക്കേണ്ടതിന് എന്നെയും അറിയിക്കുക'. രാജാവു പറഞ്ഞതുകേട്ട് അവർ പുറപ്പെട്ടു. ഒട്ടും ആത്മാർത്ഥതയില്ലാത്ത, വഞ്ചന ഉള്ളിൽപേറുന്ന ഹേറോദേസിന്റെ കൊട്ടാരംവിട്ട് പുറത്തിറങ്ങിയപ്പോൾ നക്ഷത്രത്തിന്റെ സാന്നിധ്യം അവർക്ക് തിരികെ കിട്ടി. നക്ഷത്രം കണ്ടപ്പോൾ അവർ അത്യധികം സന്തോഷിച്ചു. അവർ ഭവനത്തിൽ പ്രവേശിച്ച് ഈശോയെ ആരാധിച്ചു. ഹേറോദേസിന്റെ അടുത്തേക്കു മടങ്ങിപ്പോകരുതെന്ന് സ്വപ്നത്തിൽ മുന്നറിയിപ്പു ലഭിച്ചതനുസരിച്ച് അവർ മറ്റൊരു വഴിയേ സ്വദേശത്തേക്കു പോയി. ബെസ്റ്റികളുടെയും BTS സെലിബ്രിറ്റികളുടെയും കൊറിയൻ സീരിയലുകളുടെയും ലോകത്താണല്ലോ നാം ജീവിക്കുന്നത്. നമ്മുടെ മുമ്പിൽ രണ്ടു വഴികൾ ഉണ്ട്. നല്ലതു തിരഞ്ഞെടുക്കുന്നവർക്ക് ദൈവം നൽകുന്ന സമ്മാനമാണ് സമാധാനവും ദൈവകൃപയും. ക്രിസ്തുമസ് രാത്രിയിൽ സമാധാനം അനുഭവിക്കാൻ സാധിക്കാതെപോയ ഏക വ്യക്തി ഹേറോദേസ് രാജാവ് മാത്രമായിരിക്കാം. അദ്ദേഹത്തിന്റെ വഴി അന്ധകാരം നിറഞ്ഞതായിരുന്നു. "നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽ നിന്ന്, ഒരു സ്വരം ശ്രവിക്കും; ഇതാണു വഴി, ഇതിലെ പോവുക" (ഏശ 30,21). സംഖ്യയുടെ പുസ്തകം 22-ാം അധ്യായത്തിൽ ബാലാമിന്റെ വഴി തിരിച്ചുവിട്ട കർത്താവിന്റെ ദൂതൻ ഊരിയ വാളുമായി വഴിയിൽ നല്ക്കുന്നതു കണ്ടാൽ വഴിമാറി നടക്കാൻ നാം മടികാണിക്കരുത്.

പുറപ്പാടു പുസ്തകം മൂന്നാം അധ്യായത്തിൽ മനോഹരമായ ഒരു കാഴ്ചയുണ്ട്. ഈജിപ്തിൽനിന്ന് ഓടിയൊളിച്ച മോശ തന്റെ അമ്മായിയപ്പനായ ജെത്രോയുടെ ആടുകളെ മേയ്ച്ച് ഹോറേബ്മലയുടെ സമീപത്തുകൂടി നടന്നുനീങ്ങുകയായിരുന്നു. അങ്ങകലെ ഒരു മുൾപ്പടർപ്പ് കത്തി ജ്വലിക്കുന്നു. എന്നാൽ അത് എരിഞ്ഞു ചാമ്പലാകുന്നില്ല. ഈ ദൃശ്യമൊന്ന് അടുത്തുചെന്ന് കാണാൻ മോശ അതിന്റെ സമീപത്തേയ്ക്കു ചെന്നു. പെട്ടെന്ന് മുൾപടർപ്പിൽനിന്ന് ഒരു ശബ്ദം... മോശേ, മോശേ നീ നില്ക്കുന്ന സ്ഥലം പരിശുദ്ധമാണ്. നിന്റെ ചെരിപ്പ് അഴിച്ച് മാറ്റുക.... പ്രിയമുള്ളവരേ, ദൈവം കടന്നുവരുന്ന ഇടങ്ങളൊക്കെ പരിശുദ്ധമാണ്; പരിശുദ്ധമായിരിക്കണമെന്ന് അവിടുത്തേയ്ക്ക് ശാഠ്യമുണ്ട്. അതുകൊണ്ടുതന്നെ ഉണ്ണീശോയെ സ്വീകരിക്കാൻ ഒരുങ്ങുന്ന നമ്മുടെ ഹൃദയങ്ങളും പരിശുദ്ധമായിരിക്കണം.

നമ്മോടൊപ്പമാകാൻ വന്ന ദൈവത്തിന്റെ തിരുസന്നിധിയിൽ ഇരിക്കാൻ നാം പഠിക്കണം. ന്യൂയോർക്കിലെ ആർച്ചുബിഷപായിരുന്ന ഫുൾട്ടൻ ജെ. ഷീൻ തന്റെ റേഡിയോ പ്രഭാഷണങ്ങൾ തയ്യാറാക്കികൊണ്ടിരുന്നത് ദൈവസന്നിധിയിൽ ഒരു മണിക്കൂർ ഇരുന്നതിനുശേഷമാണ്.

വി. ജോൺ പോൾ രണ്ടാമൻ പാപ്പ സഭയ്ക്കു നല്കിയിരുന്ന ഔദ്യോഗിക പ്രബോധനങ്ങളെല്ലാം ദിവ്യകാരുണ്യത്തിന്റെ മുമ്പിൽ മുട്ടുകുത്തിനിന്നുകൊണ്ടാണ് എഴുതിയിരുന്നത്. "ഞാൻ പ്രാർത്ഥിച്ചു. എനിക്ക് വിവേകം ലഭിച്ചു. ഞാൻ ദൈവത്തെ വിളിച്ചപേക്ഷിച്ചു; ജ്ഞാനചൈതന്യം എനിക്കു ലഭിച്ചു" (ജ്ഞാനം 7,7) എന്നാണല്ലോ തിരുവചനം സാക്ഷ്യപ്പെടുത്തുന്നത്.

ജ്ഞാനചൈതന്യം നഷ്ടപ്പെടുമ്പോൾ ഒരു വ്യക്തിയിൽ വരുന്ന വ്യതിയാനങ്ങളും അതിനു വിശുദ്ധഗ്രന്ഥം നല്കുന്ന പരിഹാരമാർഗങ്ങളും നമുക്കു കാണാം.

1. ഉത്കണ്ഠ: "ആകുലരാകുന്നതുകൊണ്ട് ആയുസിന്റെ ദൈർഘ്യം ഒരു മുഴംകൂടി നീട്ടാൻ നിങ്ങളിൽ ആർക്കു സാധിക്കും" (ലൂക്കാ 12,25).

2. വിഷാദം: "എന്റെ ആത്മാവേ, നീ എന്തിനു വിഷാദിക്കുന്നു? നീ എന്തിനു നെടുവീർപ്പിടുന്നു? ദൈവത്തിൽ പ്രത്യാശവയ്ക്കുക" (സങ്കീ 42,5).

3. കോപം: "സകല വിദ്വേഷവും ക്ഷോഭവും ക്രോധവും അട്ടഹാസവും ദൂഷണവും എല്ലാ തിന്മകളോടുംകൂടെ നിങ്ങൾ ഉപേക്ഷിക്കുവിൻ" (എഫേ 4,31).

4. ഭയം: "ഞാൻ കർത്താവിനെ തേടി. അവിടുന്ന് എനിക്കുത്തരമരുളി. സർവ ഭയങ്ങളിലും നിന്ന് അവിടുന്ന് എന്നെ മോചിപ്പിച്ചു" (സങ്കീ 34,4).

5. വിദ്വേഷം: "ദൈവകൃപ ആർക്കും നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുവിൻ. വിദ്വേഷത്തിന്റെ വേരു വളർന്ന് ഉപദ്രവം ചെയ്യാതിരിക്കാൻ സൂക്ഷിക്കുവിൻ. വിദ്വേഷംമൂലം പലരും അശുദ്ധരായിത്തീരുന്നു" (ഹെബ്രാ 12,15).

6. അസൂയ: "അസൂയ ശവക്കുഴിപോലെ ക്രൂരമാണ്. അതിന്റെ ജ്വാലകൾ തീജ്വാലകളാണ്, അതിശക്തമായ തീജ്വാല" (ഉത്തമഗീതം 8,6).

7. അഹങ്കാരം: "അഹങ്കാരം കർത്താവിനെയും മനുഷ്യരെയും വെറുപ്പിക്കുന്നു. അനീതി, ഇരുവർക്കും നിന്ദ്യമാണ്" (പ്രഭാ 10,8).

8. അത്യാഗ്രഹം: "നിങ്ങളുടെയിടയിൽ വ്യഭിചാരത്തിന്റെയും അത്യാഗ്രഹത്തിന്റെയും പേരുപോലും കേൾക്കരുത്. അങ്ങനെ വിശുദ്ധർക്കു യോഗ്യമായരീതിയിൽ വർത്തിക്കുവിൻ" (എഫേ 5,3).

9. ധൂർത്ത്: "നാളത്തെ നിങ്ങളുടെ ജീവിതം എങ്ങനെയുള്ളതായിരിക്കും എന്നു നിങ്ങൾക്കറിഞ്ഞുകൂടാ. അൽപനേരത്തേക്കു പ്രത്യക്ഷപ്പെടുകയും അതിനുശേഷം അപ്രത്യക്ഷമാവുകയും ചെയ്യുന്ന മൂടൽമഞ്ഞാണു നിങ്ങൾ" (യാക്കോബ് 4,14).

10. ഭോഗാസക്തി: "അമിതമായ ആഹാരപ്രിയമോ ഭോഗാസക്തിയോ എന്നെ കീഴടക്കാതിരിക്കട്ടെ! നിർലജ്ജമായ വികാരങ്ങൾക്ക് എന്നെ ഏല്പിച്ചുകൊടുക്കരുതേ!" (പ്രഭാ 23,6).

ജ്ഞാനം ലഭിച്ചവർ കഠിനാധ്വാനം ചെയ്യുന്നവരാണ്. അലസത അവരെ ബാധിക്കില്ല. ലോകത്തിൽ അനേകം സോഫ്റ്റുവെയറുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ കഠിനാദ്ധ്വാനത്തിനു പകരമായി ഒന്നും കണ്ടുപിടിച്ചിട്ടില്ല. "നിശ്ചിതസമയത്തിനു മുമ്പ് ജോലി പൂർത്തിയാക്കുവിൻ; യഥാകാലം ദൈവം നിനക്കു പ്രതിഫലം നൽകും" (പ്രഭാ 51,30).

ഒരിക്കൽ വി. മദർ തെരേസ കൽക്കട്ടായിലെ തെരുവിലൂടെ നടന്നുപോകുമ്പോൾ ആളുകൾ ഭക്ഷണശാലയിൽ കയറി ഭക്ഷണം കഴിച്ച് ഇറങ്ങിപോകുന്നതും അതിനു സമീപം ഒരു പാവപ്പെട്ട മനുഷ്യൻ മരണാസന്നനായി കിടക്കുന്നതും ശ്രദ്ധയിൽപെട്ടു. അമ്മ അയാളെ എടുത്ത് മടിയിൽ കിടത്തി. അടുത്ത ഹോട്ടലിൽനിന്ന് അല്പം ഭക്ഷണവും ജലവും കൊടുക്കുവാൻ നിർദ്ദേശിച്ചു. ആ മനുഷ്യൻ അമ്മയുടെ മുഖത്തേയ്ക്കു നോക്കി പുഞ്ചിരിച്ചിട്ടു ചോദിച്ചു: 'അമ്മേ, ദൈവത്തിന്റെ മുഖം ഇങ്ങനെയാണോ?'. പ്രിയമുള്ളവരേ, "വിശുദ്ധിക്ക് ഒരു മുഖമേ ഉള്ളൂ. അത് സ്നേഹത്തിന്റെ മുഖമാണ്" (ദൈവദാസൻ വില്യം ജക്വീന്താ). ദൈവസ്നേഹം രൂപം ധരിച്ചതാണ് മനുഷ്യാവതാരം. ആ സ്നേഹത്തിൽ വിശ്വസിക്കുന്നവർക്കേ വിശുദ്ധിയുടെ ചെയ്തികൾ തുടരാനാവൂ.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



**ലിയാ ഓലിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം**: ദൈവത്തിനസാധ്യമായി യാതൊന്നുമില്ല എന്ന ദൈവവചനത്തിൽ ആശ്രയിക്കുന്ന പരിശുദ്ധ അമ്മയുടെ വിശ്വാസജീവിതം നമുക്കു ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: എലിസബത്തിനെ ശുശ്രൂഷിക്കുന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ സംലഭ്യതയും സേവനതല്പരതയും നമുക്കു ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: കാനായിലെ കല്യാണ വിരുന്നിൽ മറ്റുള്ളവർക്കായി ഈശോയുടെ പക്കൽ മാധ്യസ്ഥ്യം വഹിക്കുന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: മറ്റുള്ളവരാൽ അറിയപ്പെടാൻ ആഗ്രഹിക്കാതെ നസറത്തിന്റെ നിശബ്ദതയിൽ മറഞ്ഞു ജീവിച്ച പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: ജീവിതാനുഭവങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ദൈവാനുഭവങ്ങളാക്കി മാറ്റിയ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


“കിഴക്കുകണ്ട നക്ഷത്രം അവർക്കുമുമ്പേ
നീങ്ങിക്കൊണ്ടിരുന്നു. അതു ശിശു കിടക്കുന്ന
സ്ഥലത്തിനു മുകളിൽ വന്നുനിന്നു. നക്ഷത്രം
കണ്ടപ്പോൾ അവർ അത്യധികം സന്തോഷിച്ചു.
അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ
അമ്മയായ മറിയത്തോടുകൂടി കാണുകയും
അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു.
നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും
കുന്തുരുക്കവും മീറയും കാഴ്ചയർപ്പിച്ചു”.
(മത്താ 2,9-11)

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)
RNI: KERMAL/2014/59983
Published on 24th December 2024

"ജനതകൾക്കു പ്രകാശവും സകലർക്കും രക്ഷയുമായി
ഏകജാതനെ നല്കുവാൻ തക്കവണ്ണം
ലോകത്തെ സ്നേഹിച്ച ദൈവമേ,
മിശിഹാവഴി ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന
കൃപയെപ്രതി ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു.
മിശിഹായുടെ വചനംകേട്ട് നിത്യായുസ്സിൽ എത്തിച്ചേരാൻ
ഞങ്ങളെ അനുഗ്രഹിക്കണമേ.
വഴിയും സത്യവും ജീവനുമായ
രക്ഷകനിൽ കേന്ദ്രീകൃതമായ
ജീവിതം നയിക്കാൻ ഞങ്ങൾക്ക് ഇടയാകട്ടെ".
(മംഗളവാർത്തക്കാലം, മൂന്നാം ഞായർ - റംശാ)

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal